# TRICHUR ARCHDIOCESAN BULLETIN

ഫെബ്രുവരി 2026 | വാല്യം: 93 | ലക്കം: 02




സ്നാപകന്റെ പ്രഭാഷണം (മർക്കോ. 1:7)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം



# Trichur Archdiocesan Bulletin TAB

ESTD:1934

ഫെബ്രുവരി 2026

ലക്കം: 02 | വാല്യം: 93

02



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| കച്ചേരിക്കാര്യം | 05 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 07 |
| സഹായമെത്രാന്റെ പരിപാടികൾ | 08 |
| നാളാഗമം | 10 |
| നാമകരണ നടപടികൾ | 20 |
| വൈദികർ | 24 |
| സന്യസ്തർ | 26 |
| വിശ്വാസ പരിശീലനം | 32 |
| സ്ഥാപനങ്ങൾ | 43 |
| സംഘടനകൾ | 56 |




## കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

ഫെബ്രുവരി **2026**

ഫെബ്രുവരി 1 : ദനഹാ അഞ്ചാം ഞായർ
2 : നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം
(പരിശുദ്ധ കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ)
4 : വിശുദ്ധ ജോൺ ബ്രിട്ടോ
6 : ആദ്യവെള്ളി
ഗ്രീക്കുസഭാപിതാക്കന്മാർ
സുറിയാനി സഭാപിതാക്കന്മാർ
ഇടവകമധ്യസ്ഥന്റെ തിരുനാൾ
8 : ദനഹാ ആറാം ഞായർ
11 : ലൂർദ്ദ് മാതാവ് (രോഗീദിനം)
13 : സകല മരിച്ചവരുടെയും തിരുനാൾ
15 : നോമ്പ് ഒന്നാം ഞായർ
ഇന്ന് പാതിരാ മുതൽ നോമ്പാരംഭം
16 : നോമ്പാരംഭം (ഉപവാസദിനം) വിഭൂതി
22 : നോമ്പ് രണ്ടാം ഞായർ
23 : വിശുദ്ധ പൊലിക്കാർപ്പ്
25 : വാഴ്ത്തപ്പെട്ട സി. റാണി മരിയ

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

ഫെബ്രുവരി 04 : വൈദികസ്ഥലമാറ്റം
12 : സ്ഥലം മാറിയ വൈദികരുടെ യോഗം (10:00 am)
18 : ആലോചനസമിതി യോഗം (10:30 am)
19 : വൈദിക മാസധ്യാനം (10:00 am)
23–24 : യുവവൈദികരുടെ തുടർപരിശീലനം

**3. നോമ്പുകാലം:**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണ് രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഢാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും

ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. നാം സാധാരണയായി അമ്പതു നോമ്പ് എന്നാണ് ഈ കാലത്തെ വിളിക്കുക. നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതി നോമ്പ് ആചരിക്കുന്നത്. മാനസാന്തരം, ധർമ്മദാനം. പ്രാർത്ഥന, ഉപവാസം എന്നിവയിലൂടെ ആർജ്ജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണവിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാനമാണ്; അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം നമ്മെ പഠിപ്പിക്കുന്നു. പുണ്യപൂർണ്ണതക്കുവേണ്ടിയുള്ള സഹനമാണ് ഈ കാലം നമ്മോട് ആവശ്യപ്പെടുന്നത്.

**4. യുവവൈദികർക്കുള്ള തുടർപരിശീലനം**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2021-2024 ബാച്ചുകൾ) തുടർ പരിശീലന പ്രോഗ്രാം 2026 ഫെബ്രുവരി 23തിങ്കൾ രാവിലെ 9.30 മുതൽ 24 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Pastoral Communication Skills എന്ന വിഷയത്തെ ആസ്പദമാക്കി യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉതകുന്ന രീതിയിലാണ് ഈ പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലൊ!

**5. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

പുതുവർഷത്തിൽ വൈദികരുടെ ആദ്യത്തെ പൊതു മാസധ്യാനം 2026 ഫെബ്രുവരി 19-ന് ചൊവ്വാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**6. വലിയ നോമ്പ് :**

2026 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയ നോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റെയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലൊ.

**നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ**

16.02.2026 : വിഭൂതി തിങ്കൾ : ഉപവാസദിനം

19.02.2026 : വൈദിക മാസധ്യാനം
22.03.2026 : പാലയൂർ മഹാതീർത്ഥാടനം
29.03.2026 : ഓശാന ഞായർ
30.03.2026 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ
02.04.2026 : പെസഹാവ്യാഴം
03.04.2026 : പീഡാനുഭവവെള്ളി : ഉപവാസദിനം
04.04.2026 : വലിയ ശനി
05.04.2026 : ഉയിർപ്പ് തിരുനാൾ

**6. വിവാഹാഘോഷം മുടക്ക് :**

2026 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**7. വൈദികനിയമനം:**

1. ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ – പഠനാവധി; അതിരൂപത സഹായമെത്രാന്റെ സെക്രട്ടറി , നോട്ടറി അതിരൂപത കാര്യാലയം, മൈനർ സെമിനാരിയിലെ ഉത്തരവാദിത്വം, കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ എന്നിവ ഒഴിവായി; സാധുത 2025 ഡിസംബർ 2 മുതൽ.

2. ഫാ. ജോബിൻ ജോർജ്ജ് അഞ്ചുപങ്കിൽ MI – കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ കൂടി; സാധുത 2025 ഡിസംബർ 2 മുതൽ.

3. ഫാ. പോൾ താണിക്കൽ – ചികിത്സാവധി; സാധുത 2025 ഡിസംബർ 6 മുതൽ.

4. ഫാ. ലിജോ ചിറ്റിലപ്പിള്ളി – നടത്തുവികാരി തൃശ്ശൂർ സെന്റ് ആൻസ്, കപ്ലോൻ സി. എം. സി. & എസ്. എൽ. ഐ. ഐ. മഠങ്ങൾ, ഡയറക്ടർ ഇൻ ചാർജ്ജ് സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ് & അസി. ഡയറക്ടർ ഇൻ ചാർജ്ജ് എസ്. എൽ. എം. ഐ. എന്നിവ കൂടി; സാധുത 2025 ഡിസംബർ 6 മുതൽ.

5. ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ – പ്രോ-വികാരി കൈപ്പറമ്പ് ക്വാസി ഇടവക കൂടി; സാധുത 2025 ഡിസംബർ 24 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**FEBRUARY 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sun | Evening | Concluding Meeting of 525 Years of Valappad Parish |
| 2-11 | | | CBCI Plenary Meeting @ Bangalore |
| 12 | Thu | Morning | Holy Mass @ MMS Mulayam |
| | | Morning | Meeting of the Preists who got Transfers @ DBCLC |
| 13-14 | | | MEPC Symposium @ Marymatha Seminary |
| 14 | | Evening | Annual Day Celebratons @ Pope Paul, Athani |
| 16 | | Morning | Ash Monday Holy Mass @ Lourdes Cathedral |
| | | Evening | Vrutharambha Koottyama @ Palayur Shrine |
| 17 | Tue | Afternoon | Official Visit of the Seminary Commission @ Marymatha Seminary |
| 18 | Wed | Morning | Consultors' Meeting |
| 19 | Thu | | Monthly Recollection for Priests & Priests' Conference |
| 21 | Sat | Morning | Catechism Teachers' Day @ Changanacherry |
| 23-24 | | | Ongoing Formation Programme for Young Preists |
| 28 | | Afternoon | Social Media Influencers' Meet |

# ENGAGEMENTS

**FEBRUARY 2026**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 | Sun | Morning | Holy mass @ Valappad Church Jubilee Celebration |
| | | Afternoon | Principles' Conference @ DBCLC |
| 2 | Mon | Morning | Retirement Function @ STC |
| 3–10 | | | CBCI Plenary Assembly @ Banglore |
| 11 | Wed | Afternoon | Talk @ Maramon Convention, Thiruvalla |
| 12 | Thu | Morning | Holy Mass @ Peace Home on Jubilee Inauguration |
| | | | Meeting of Priest who got Transfer |
| | | Afternoon | Annual Day @ St Mary's College |
| 13 | Fri | Afternoon | MEPC Symposium @ MMS |
| 14 | Sat | Afternoon | Golden Jubilee Celebration @ Holy Family School, Chembukkavu |
| | | Evening | Pastoral Visit @ Pattikad |
| 15 | Sun | | Pastoral Visit @ Pattikad |
| 16 | Mon | Morning | Ash Monday Holymass @ Dolours Basilica |
| 17 | Tue | Morning | Holy Mass & Class on Trinitarian Theology @ MMS |
| | | Afternoon | Batch wise Meeting with Staff & Seminarians @ MMS |
| | | Evening | Madhyavimuktharude Koottayma @ Marathakkara |
| 18 | Wed | Morning | Consulters Meeting @ ABH |
| | | Afternoon | STC Trust Meeting |
| 19 | Thu | | Monthly Recollection for Priests |
| 20 | Fri | Morning | Class on Trinitarian Theology @ MMS |

| | | | |
|---|---|---|---|
| 22 | Sun | Afternoon | Panchayath Representatives Gathering @ ABH |
| 23 | Mon | | Ongoing Formation for Young Priests @ DBCLC |
| 24 | Tue | | Ongoing Formation for Young Priests @ DBCLC |
| | | Morning | Class on Trinitarian Theology @ MMS |
| 25–26 | | | NBCLC Governing Body Meeting @ ABH |
| 27 | Fri | Morning | Holy Mass & Starting of 40 Hour Adoration @ Parappukkara |
| | | | Class on Trinitarian Theology @ MMS |

അവിടുത്തെ
ആലയത്തെക്കുറിച്ചുള്ള
തീക്ഷണത എന്നെ
വിഴുങ്ങിക്കളയും
എന്നെഴുതപ്പെട്ടിരിക്കുന്നത്
അപ്പോൾ അവൻെറ
ശിഷ്യൻമാർ
അനുസ്മരിച്ചു.
(യോഹ. 2:17)



# നാളാഗമം

## ഡിസംബർ 2025

1-2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സിംഗപ്പൂരിൽ അജപാലന പ്രവർത്തനം നടത്തുന്ന ഫാദർ മേജോ മരോട്ടിക്കലിനെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

1. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ച് നടന്ന ദീപിക പത്ര ത്തിന്റെ സമ്മാനവിതരണ ചടങ്ങിൽ പങ്കെടുത്തു.

2. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് നടത്തറ ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. ഉച്ചതിരിഞ്ഞ് ഗുരുവായൂർ ലിസ്യു മഠത്തിൽ എഫ് സി സി സഭാംഗമായ സിസ്റ്റർ ഇന്നസെന്റിന്റെ സംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.

3. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് പടവരാട് ഇടവകയിൽ നടക്കുന്ന സ്നേ ഹോത്സവം ധ്യാനത്തിൽ പങ്കെടുക്കു കയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ്

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഡീക്കന്മാരുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ബൈബിൾ പ്രതിഷ്ഠയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

4. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കൊട്ടേക്കാട് സെന്റ് മേരീസ് ഇടവകയിൽ സഹസ്രാബ്ദ ജൂബി ലിയോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിലും തുടർന്നുള്ള ആരാധനയിലും പങ്കെടുത്തു. ജറുസലേം ധ്യാനകേന്ദ്രത്തിൽ നടന്ന ബൈബിൾ കൺവെൻഷൻ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്യുകയും വചന സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തിരുവില്ല്വാമല ഗുരുകുലം സെമി നാരി സന്ദർശിക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് കൊട്ടേക്കാട് ഫൊറോന ദേവാലയത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുത്തു. തുടർന്ന് അതിരൂപത ആസ്ഥാനത്ത് വെച്ച് നടന്ന എം ഐ ആശുപ ത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

5. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാംഗ്ലൂരിലെ സി. ബി. സി. ഐ. യുടെ കീഴിലുള്ള സെന്റ് ജോൺസ് മെഡിക്കൽ കോളേജിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂർ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന വിവാഹ ഒരുക്ക ക്ലാസ്സിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് തിരൂർ സെന്റ് തോമസ് സ്കൂളിൽ നടന്ന യോഗത്തിൽ മുഖ്യ അതിഥിയായി.

6. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് നടന്ന ജെ.സി.എം.ആർ. നാഷണൽ അഡ്വൈസറി ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ഫാമിലി അപ്പോസ്തലേറ്റിൽ നടന്ന പാസ്റ്റർ കൗൺസിലിന്റെ അവാർഡ് ദിനത്തിൽ പങ്കെടുത്തു. ലൂർദ് കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന വിവാഹത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ദമ്പതിമാരുടെ വിശുദ്ധ കുർബാനയിലും തുടർന്നുള്ള മീറ്റിങ്ങിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് ഡി.ബി.സി.എൽ. സി.യിൽ വച്ച് നടന്ന സി.ബി.സി.ഐ.യുടെ നേതൃത്വത്തിലുള്ള കൗൺസിൽ ഫോർ ചർച്ചസ് ഓഫ് ഇന്ത്യ യുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കണ്ടശാങ്കടവ് ഫൊറോന ദൈവാലയം പണിതീർത്ത

ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും ഫൊറോന ദേവാലയത്തിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു. അതിരൂപതാതലത്തിൽ നടന്ന വിവാഹത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. പള്ളിക്കുന്ന് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

7. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫോർട്ട് കൊച്ചിയിലെ സാന്താ ക്രൂസ് ബസിലിക്ക ദൈവാലയങ്കണത്തിൽ വച്ച് നടന്ന ബിഷപ്പ് ആന്റണി കാട്ടിപ്പറമ്പിലിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പള്ളിക്കുന്ന് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

8. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പള്ളിക്കുന്ന് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. വൈകുന്നേരം പുതിയതായി പണിയുന്ന കിരാലൂർ ഇടവക ദേവാലയത്തിന്റെ കല്ലിടൽ കർമ്മം നടത്തി. തുടർന്ന് മേരിമാതാ മേജർ സെമിനാരിയിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുത്തു.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരിവില്ലാമല ഗുരുകുലം സെമിനാരി സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. പോപ് പോൾ മേഴ്സി ഹോമിലെ ക്രിസ്തുമസ് ആഘോഷ പരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കുരിയച്ചിറ ഇടവക ദേവാലയത്തിൽ വച്ച് നടന്ന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് ആമുഖ പ്രഭാഷണം നൽകി.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കാക്കനാട് വെച്ച് നടന്ന പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശൂർ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപത ആസ്ഥാനത്ത് നടന്ന പറോക്ക് ഗവേഷണ കേന്ദ്രത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം തൃശ്ശൂർ മൈനർ സെമിനാരിയിൽ ഡിഗ്രി പരിശീലനം നടത്തുന്ന സെമിനാരിക്കാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

11–12.അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി. മീറ്റിങ്ങിൽ പങ്കെടുത്തു.

13. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിനത്തിൽ ക്രിസ്റ്റീന ഹോമിൽ വച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ജന്മദിനാഘോഷത്തോടനുബന്ധിച്ച് മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ബോൺ നത്താലെയോട്

അനുബന്ധിച്ച് മുക്കാട്ടുകര ഇടവകയിലും നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ തറക്കല്ലിടൽ ചടങ്ങും ബൊൻ നത്താലെയോട് അനുബന്ധിച്ച് നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ താക്കോൽദാന കർമ്മം മുണ്ടത്തിക്കോടും നിർവഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിനം കരുണാദിനമായി ആഘോഷിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിന ആഘോഷ പരിപാടികളിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ സരിത പുരം ഇടവകയുടെ നവീകരിച്ച പുതിയ രണ്ട് വിങ്ങുകളുടെ ആശീർവാദവും വിശുദ്ധ കുർബാനയും അർപ്പിച്ചു. പുതുക്കാട് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന എന്റർപ്രെണെഴ്സ് ഫോറത്തിൽ പങ്കെടുത്തു. വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്നവരെ ഡി.ബി.സി.എൽ.സി.യിൽ സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ വ്യാകുലമാതാവിൻ ബസിലിക്കയിൽ വച്ച് ക്രിസ്തുജയന്തി ജൂബിലി വർഷ സമാപന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും തുടർന്ന് വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. അതേ തുടർന്ന് സമുദായശക്തീകരണ വർഷം തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വിയ്യൂർ ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവക പണിതു നൽകുന്ന ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് ഡിബിസിഎൽസി വച്ച് നടന്ന വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്നവരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. മാർത്തോമ സഭ ഒരുക്കിയ കരോൾ ഗാന മത്സരം ഉദ്ഘാടനം ചെയ്തു.

15. അഭിവന്ദ്യ പിതാക്കന്മാർ ജ്യോതി എൻജിനീയറിങ് കോളേജിൽ വെച്ച് കോളേജിന്റെ ഗവർണിങ്ങ് ബോഡി മീറ്റിങ്ങിലും പങ്കെടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളജിന്റെ ട്രസ്റ്റ് മീറ്റിങ്ങിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. പട്ടിക്കാട് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

16. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർക്കുള്ള സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന

പേട്രൺസ് ഡേ ഉദ്ഘാടനം ചെയ്തു. വൈദികസമിതി യോഗത്തിലും ട്രൈബ്യൂണൽ, കൂരിയ സംയുക്ത മീറ്റിങ്ങിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് നടത്തറയിൽ പുതിയതായി പണിയുന്ന ചേതന ഗാനാശ്രമത്തിന് തറക്കല്ലിട്ടു.

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് പ്ലാറ്റിനം ജൂബിലി ആരംഭത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന അർപ്പിച്ചു. മരിയാപുരത്തുള്ള മലബാർ മിഷനറി ബ്രദേഴ്സിന്റെ മിഷൻ ഹോമിൽ ബ്രദർ സ്റ്റീഫൻ എം. എം. ബി. യുടെ മൃതസംസ്കാര ശുശ്രൂഷകളുടെ നാലാം ഭാഗത്തിന് കാർമികത്വം വഹിച്ചു. ഡി. ബി. സി. എൽ. സി. യിൽ വെച്ച് ഡീക്കന്മാരുമായുള്ള ഷെയറിങ് സെഷൻ നടത്തി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഇടവക ദേവാലയത്തിൽ നവീകരിച്ച മദ്ബഹയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തി. തൃശ്ശൂർ പേപ്പൽ ടവറിൽ വച്ച് നടന്ന അതിരൂപതാ സാമൂഹിക ക്ഷേമ വിഭാഗത്തിന്റെ പുതിയ കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകിട്ട് മീഡിയ കത്തോലിക്ക എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

18. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡൽഹിയിൽ വച്ച് നടന്ന സി.ബി.സി.ഐ.യുടെ നേതൃത്വത്തിലുള്ള ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. ബഹുമാനപെട്ട ഉപരാഷ്ട്രപതി ആഘോഷങ്ങളിൽ സന്നിഹിതനായിരുന്നു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് ഡിബിസിഎൽസിയിൽ വച്ച് നടന്ന വിശ്വാസ പരിശീലന എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡൽഹിയിൽ ഉപ രാഷ്ട്രപതിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വിവാഹ ഒരുക്ക ക്ലാസ്സിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഡിബിസിഎൽസിയിൽ നടന്ന ചിൽഡ്രൻസ് മിനിസ്ട്രി എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് അത്താണി മേഴ്സി ഹോമിൽ വച്ച് നടന്ന ഭിന്നശേഷിക്കാരുടെ ചെണ്ട മേളത്തിന് ലഭിച്ച ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ് അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് സിസ്റ്റർ ബ്രിജീത്തയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

20. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കുരിയച്ചിറ, സെന്റ് ജോസഫ് സ്കൂളിൽ വച്ച് നടന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള അതിരൂപതാതല സമ്മേളനം ഉദ്ഘാടനം ചെയ്തു. ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിവാഹത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്നവർക്ക് വേണ്ടിയുള്ള വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഡി.ബി.സി.എൽ.സി.യിൽ വച്ച് ഡീക്കന്മാരുടെ മാതാ പിതാക്കളുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു. പല്ലിശ്ശേരിയിൽ വച്ച് നടന്ന ബഹു. ജോയ് കുത്തൂരച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ബസിലിക്ക ഇടവകയിൽ വച്ച് നടന്ന കരോൾ ഗാനമത്സരം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ  പിതാവ് ചിയാരം വിജയമാതാ ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. അതിരൂപതാതലത്തിൽ കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ച് നടത്തിയ ഭിന്നശേഷിക്കാരുടെ സംഗമത്തിൽ പങ്കെടുത്തു. ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് ബസിലിക്ക ദേവാലയത്തിൽ വച്ച് നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

21. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ നവീകരിച്ച കല്ലൂർ വെസ്റ്റ് ഇടവക ദൈവാലയം ആശീർവദിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. സെന്റ് തോമസ് കോളേജിൽ പാലോക്കാരൻ സ്ക്വയറിൽ വച്ച് നടന്ന ബൈബിൾ അപ്പോസ്തലൈറ്റ് അവാർഡ് ദിനം ഉദ്ഘാടനം ചെയ്തു. ബസിലിക്ക ഹാളിൽ വച്ച് നടന്ന പ്രോ ലൈഫ് സമിതിയുടെ ജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട വലിയ കുടുംബങ്ങളുടെ സംഗമം ‘ല്ഹയിം മീറ്റ് 2025’ ഉദ്ഘാടനം ചെയ്തു. അത്താണി പീസ് ഹോമിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്നു. ലൂർദ് കത്തീഡ്രൽ ദൈവാലത്തിൽ വച്ച് ബോൺ നത്താലെയുടെ തീം സോങ് ലോഞ്ച് ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കോടന്നൂർ ഇടവക ദേവാലയത്തിൽ നടന്ന ബൈബിൾ കയ്യെഴുത്തു പ്രതികളുടെ സമർപ്പണ ചടങ്ങിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഒല്ലൂക്കര ഇടവക ദേവാലയം പണിത് നൽകുന്ന രണ്ട് ഭവനങ്ങളുടെ വെഞ്ചിരിപ്പ് നടത്തി. ഉച്ചതിരിഞ്ഞ് ചേറൂർ സ്കൂളിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന ബൈബിൾ അവാർഡ് ഡേയിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. വൈകിട്ട്

തൃശ്ശൂർ മർത്താ മറിയം വലിയ പള്ളിയിൽ വച്ച് നടന്ന എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് ലൂർദ് പള്ളിയിൽ വച്ച് നടന്ന അഖില കേരള കരോൾ ഗാന മത്സരത്തിൽ മുഖ്യ അതിഥിയായി.

22. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ചേലക്കര ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഫാദർ പോൾ പുളിക്കൻ എഴുതിയ ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചനെക്കുറിച്ചുള്ള പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിക്കുകയും ചെയ്തു. കരുണയുടെ ദൂതന്മാർ എന്ന സഹോദരന്മാരുടെ നേതൃത്വത്തിൽ പടിഞ്ഞാറേക്കോട്ടയിലുള്ള മാനസികാരോഗ്യ കേന്ദ്രത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ബോൺ നത്താലെയുമായി ബന്ധപ്പെട്ട് നടന്ന പ്രസ് മീറ്റിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സംസാരിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വിൻസെൻഷ്യൽ ജനറലൈറ്റ് ഹൗസിൽ വച്ച് വിവിധ കോൺഗ്രിഗേഷനിലെ വൈദിക വിദ്യാർഥികൾക്ക് ഡീക്കൻപട്ടവും ചെറുപട്ടങ്ങളും നൽകി. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഒരുക്കിയ ക്രിസ്തുമസ് പുൽക്കൂട് ഉദ്ഘാടനം ചെയ്തു. വൈകീട്ട് ഇയ്യാൽ നിർമ്മല മാതാ സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

23. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഫാമിലി അപ്പോസ്തലേറ്റിന്റെ നവീകരിച്ച ചാപ്പൽ ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് വിയ്യൂർ സെൻട്രൽ ജയിലിൽ വച്ച് നടന്ന ക്രിസ്തുമസ് ദിനാഘോഷ പരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അതിരൂപത ആസ്ഥാനത്ത് വെച്ച് നടന്ന വൈദിക പരിശീലകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് അഭിവന്ദ്യ പിതാക്കന്മാർ അതിരൂപത കാര്യാലയത്തിൽ വച്ച് 'അയൽക്കൂട്ടം' എന്ന പേരിൽ നടത്തപ്പെട്ട ക്രിസ്തുമസ് ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

24. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കൈപ്പറമ്പ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും 'ക്വാസി ഇടവക' എന്നുള്ള പ്രഖ്യാപനം നടത്തുകയും ചെയ്തു. പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുന്ന വൈദികരെ സന്ദർശിക്കുകയും ക്രിസ്തുമസ് ആശംസകൾ അറിയിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വെണ്ടൂർ ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും

നവീകരിച്ച പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് നിർവഹിക്കുകയും ചെയ്തു. തുടർന്ന് വളപ്പായ ഇടവക ദേവാലയത്തിൽ നടന്ന കെ സി ബി സി മദ്യവിരുദ്ധ സമിതിയുടെ ഉപവാസ സമരത്തിൽ പങ്കെടുത്തു.

25. ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും തൃശ്ശൂർ ബസിലിക്കയിൽ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവും തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾക്കും പാതിരാ കുർബാനയ്ക്കും കാർമികത്വം വഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അത്താണി മെഡിക്കൽ കോളേജിൽ വെച്ച് ഫ്രറ്റേർണിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ഭക്ഷണപ്പൊതി വിതരണത്തിൽ പങ്കെടുത്തു.

26. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മങ്ങാട് വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ഇടവക ദൈവാലയത്തിൽ വച്ച് ഡീക്കൻ ജിജോ തറയിലിന് തന്റെ കൈവെപ്പ് ശുശ്രൂഷ വഴി പൗരോഹിത്യപട്ടം നൽകി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വേലൂർ ഇടവക ദേവാലയത്തിൽ വെച്ച് ഡീക്കൻ ജിതിൻ പുലിക്കോട്ടിൽ സി എസ് ടി ക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് തൃശ്ശൂർ അതിരൂപ താംഗമായ ജോവി കുരുതുകുളങ്ങര അച്ചന്റെ അമ്മയുടെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഒല്ലൂർ ഇടവകയിൽ വച്ച് നടന്ന ഫാദർ സോളി തട്ടിൽ, ഫാദർ ആന്റോ ചിരിയങ്കണ്ടത്ത് എന്നിവരുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

27. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അമ്മാടം വിശുദ്ധ അന്തോണീസിന്റെ നാമത്തിലുള്ള ഇടവക ദൈവാലയത്തിൽ വച്ച് ഡീക്കൻ ഏക്റ്റൻ പെല്ലിശ്ശേരി, ഡീക്കൻ അലക്സ് പെല്ലിശ്ശേരി എസ്. ഡി. ഒ. എന്നിവർക്ക് തന്റെ കൈവെപ്പ് ശുശ്രൂഷ വഴി പൗരോഹിത്യം പട്ടം നൽകി. ബോൺ നത്താലെയോട് അനുബന്ധിച്ച് തൃശ്ശൂരിൽ പലയിടങ്ങളായി നടക്കുന്ന ഒരുക്കങ്ങൾ സന്ദർശിച്ച് വിലയിരുത്തി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പഴയന്നൂർ ഇടവക ദേവാലയത്തിൽ വച്ച് ഡീക്കൻ എഡ്വിൻ അപ്പക്കോട്ടിലിന് തിരുപ്പട്ടം നൽകി. അഭിവന്ദ്യ പിതാക്കന്മാർ ബോൺ നത്താലെ സാംസ്കാരിക ഘോഷയാത്രയിൽ പങ്കെടുത്തു.

28. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കോടന്നൂർ ഇടവകയുടെ 125-ാം ജൂബിലി സമാപനത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാന അർപ്പിച്ചു. പുതുശ്ശേരി ഇടവകയുടെ 150-ാം

ജൂബിലി സമാപനത്തോട് അനുബന്ധിച്ചുള്ള മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന ലോഫ് കൂട്ടായ്മയുടെ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പള്ളിക്കൂദാശയുടെ മുപ്പതാം വാർഷികം ആഘോഷിക്കുന്ന നെല്ലങ്കര ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പൊങ്ങണംങ്ങാട് പുതിയ ദൈവാലയത്തിന്റെ കട്ടിളവെപ്പ് കർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് പൊന്നൂക്കര ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് വലക്കാവ് ഇടവക ദേവാലയത്തിലെ ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് പീച്ചി ഇടവക ദേവാലയത്തിൽ വച്ച് നടക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ആമുഖ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഫാമിലി അപ്പസ്തോലറ്റ് സെന്ററിൽ വച്ച് നടന്ന ലോഫ് കുടുംബ സംഗമത്തിൽ പങ്കെടുത്തു.

29. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കല്ലൂർ വെസ്റ്റ് ഇടവക ദൈവാലയത്തിൽ വെച്ച് ഡീക്കൻ നിതിൻ താഴത്തിന് തന്റെ കൈവെപ്പ് ശുശ്രൂഷ വഴി പൗരോഹിത്യ പട്ടം നൽകി. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പെരിഞ്ചേരി സേക്രഡ് ഹാർട്ട് ഇടവക ദൈവാലയത്തിൽ വെച്ച് ഡീക്കൻ ജോബിൻ ഐനിക്കലിന് തന്റെ കൈവെപ്പു ശുശ്രൂഷ വഴി പൗരോഹിത്യപട്ടം നൽകി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കിഴക്കേ മണലൂർ ഇടവക ദേവാലയത്തിൽ വെച്ച് ഡീക്കൻ ജോസഫ് ബ്രഹ്മകുളം, ഡീക്കൻ അമൽ ചാഴൂർ എന്നിവർക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് പുതുരുത്തി ഇടവക ദേവാലയത്തിൽ വെച്ച് ഡീക്കൻ ലിന്റോ കുറ്റിക്കാട്ടിൽ സി എം ഐ ക്ക് തിരുപ്പട്ടം നൽകി. അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിനു മുന്നിൽ വച്ച് കത്തോലിക്കാ കോൺഗ്രസിന്റെയും പാസ്റ്റർ കൗൺസിലിന്റെയും സംയുക്ത നേതൃത്വത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നേരെയുണ്ടായ അതിക്രമങ്ങൾക്കെതിരെ നടത്തിയ പ്രതിഷേധ സമ്മേളനത്തിൽ പങ്കെടുത്തു.


30. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചെവ്വൂർ വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ നാമത്തിലുള്ള ഇടവക

ദൈവാലയത്തിൽ വച്ച് ഡീക്കൻ സാന്റിയോ എലുവത്തിങ്കലിന് തന്റെ കൈവെപ്പ് ശുശ്രൂഷ വഴി പൗരോഹിത്യപട്ടം നൽകി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഡീക്കൻ ലാസറി വി. സി., ഡീക്കൻ നോബർട്ട് കപ്പൂച്ചിൻ എന്നിവർക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് പാവറട്ടി ഇടവക ദേവാലയത്തിൽ വെച്ച് ഡീക്കൻ ഇലോയ് ചിറമ്മലിന് തിരുപ്പട്ടം നൽകി.

31. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്തപ്പെട്ട ജീസസ് യൂത്ത് ജാഗോ കോൺഫറൻസിൽ പങ്കെടുക്കുകയും സമാപന വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറയ്ക്കൽ ഇടവക ദിവാലയത്തിൽ വച്ച് ഡീക്കൻ നോബിൾ ഐനിക്കലിന് തിരുപ്പട്ടം നൽകി.

**പശ്ചാത്തപിക്കുന്നി
ല്ലെങ്കിൽ നിങ്ങളെല്ലാവരും
അതുപോലെ
നശിക്കും
(ലൂക്കാ 13:5)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം ജനുവരി മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം ഏറ്റെടുത്ത് നടത്തിയത് ഓസ്ട്രേയിയയിലുള്ള അരുൺ കിലുക്കൻ & ഫാമിലിയാണ്. തൃശൂർ അതിരൂപതാംഗവും പൂങ്കുന്നം സെന്റ് ജോസഫ് ഇടവക വികാരിയുമായ ഫാ. ആന്റണി കുരുതുകുളങ്ങര അച്ചനാണ് തിരുകർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചത്. പൂങ്കുന്നത്ത് നിന്ന് വന്ന ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയത്. പൂങ്കുന്നം സെന്റ് ജോസഫ് ഇടവകയിൽ നിന്നും ഏതാനും വിശ്വാസികളും തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയുണ്ടായി. ധന്യനായ ഊക്കനച്ചനെക്കുറിച്ച് രണ്ട് ചിന്തകളാണ് പ്രധാനമായും ബഹു. ആന്റണി അച്ചൻ പങ്കുവെച്ചത്.


ധന്യനായ ഊക്കനച്ചന്റെ മാതാപിതാക്കൾ വളരെ ചെറുപ്പത്തിൽതന്നെ മരണമടഞ്ഞു. ഒരു അനാഥനെപോലെ വളരേണ്ടതായി വന്നു. നമ്മുടെയെല്ലാം ജീവിതത്തിൽ നമ്മളിതുപോലെ അനാഥരാകുമ്പോൾ, വല്ലാതെ ഞെരുക്കപ്പെടുമ്പോൾ, ഒറ്റപ്പെടുമ്പോൾ, നമ്മളങ്ങനെ ചുരുങ്ങിപോകുമ്പോൾ അഗസ്റ്റിനച്ചൻ

നമ്മെ പഠിപ്പിക്കുന്നൊരു കാര്യം അദ്ദേഹത്തെപോലെ ദൈവീക പദ്ധതി തിരിച്ചറിയുകയെന്നതാണ്. ഇത്തരം സന്ദർഭങ്ങളിലെല്ലാം കർത്താവിന് ഞാൻ സ്വന്തമാകണം; അവിടുത്തെ പ്രിയപ്പെട്ട ഒരാളായി ഞാൻ മാറണം. അതായത് മാനുഷിക സ്നേഹത്തെക്കാളും അപ്പുറമാണ് ദൈവത്തിന്റെ സ്നേഹമെന്ന കർത്താവിന്റെ വലിയ പാഠം തിരിച്ചറിഞ്ഞ് അത് സ്വന്തമാക്കാനുള്ള അവസരങ്ങളാണ് ഇത്തരം സന്ദർഭങ്ങളെന്ന് ചുരുക്കം. തിരിച്ചറിഞ്ഞ ഈ സ്നേഹമാണ് ധന്യനായ ഊക്കനച്ചനെ ദൈവരാജ്യ വിസ്തൃതിക്കുവേണ്ടി ഒത്തിരിയേറെ ശുശ്രൂകൾ ചെയ്യാൻ സഹായിച്ചത്. പാവപ്പെട്ടവരിലേക്കും, വേദനിക്കുന്നവരിലേക്കും, എന്നുവേണ്ട; എല്ലാവരിലേയ്ക്കും തന്നെ ഇറങ്ങിചെല്ലാൻ ഈ സ്നേഹം അദ്ദേഹത്തെ നിർബന്ധിച്ചു. നമ്മളും അതിനാൽ ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോൾ ഉറ്റുനോക്കേണ്ടത് കർത്താവിനെയാണ്; ദിവ്യകാരുണ്യത്തിലേക്കാണ്; ദിവ്യകാരുണ്യപ്രകാശത്തിലേക്കാണ്.

രണ്ടാമത്തെ ചിന്ത ധന്യനായ ഊക്കനച്ചന് വി. അഗസ്തിനോടുണ്ടായിരുന്ന പ്രത്യേക അടുപ്പമാണ്. ഊക്കനച്ചന് സ്വർഗ്ഗം നൽകിയ വിശുദ്ധനാണ് വി. അഗസ്റ്റിൻ. വിശുദ്ധനെ അദ്ദേഹത്തിന് വലിയ ഇഷ്ടമായിരുന്നു. വിശുദ്ധനെപോലെ താനുമൊരു പാപിയായിരുന്നു എന്ന് ഊക്കനച്ചൻ പറയുമായിരുന്നു. ദൈവകാരുണ്യത്തിന്റെ കൃപ ലഭിച്ചപ്പോഴാണ് ഞാൻ പുതിയൊരു ജീവിതം സ്വന്തമാക്കിയെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. വി. അഗസ്റ്റിൻ ഇപ്രകാരം പറയുന്നു. ഞാൻ ബലഹീനനും കുറവുകളും പരിമിതികളുമെല്ലാമുള്ള ഒരു മനുഷ്യനാണ്. ''ഞാൻ ചെറിയ ശിശുവും വലിയ പാപിയുമാണ്.'' പക്ഷേ, കർത്താവ് എന്നെ എടുത്തുയർത്തി. കൃപയുള്ളതാക്കി എന്റെ ജീവിതത്തെ മാറ്റി. അതിനാൽ സഹോദരങ്ങളെ, ഇടർച്ചകളുടെ ഭൂതകാലവും കൃപയുടെ വർത്തമാന കാലവും ഉയർച്ചയുടെ ഭാവികാലവും വിശുദ്ധരിലെന്നതുപോലെ നമ്മിലുമുണ്ട്. അതിനാൽ പ്രതീക്ഷയുള്ളവരായിരിക്കുക. ഇന്നുവരെ സംഭവിച്ചതെല്ലാം മറന്ന് നമ്മുടെ പിന്നിലുള്ളവയെ വിസ്മരിച്ച് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി അൽപ്പം കൂടെ കൃപ നിറഞ്ഞ ജീവിതത്തിലേക്ക് കർതൃഹൃദയത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് സാധിക്കട്ടെ!

ചൊവ്വന്നൂർ ഇടവകാംഗമായ ശ്രീമതി സിനി ഷിജു ധന്യനായ ഊക്കനച്ചന്റെ മധ്യസ്ഥതയിൽ ലഭിച്ച ദൈവാനുഗ്രഹത്തെ സാക്ഷ്യപ്പെടുത്തുകയും, വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ ഏവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



നോമ്പുകാലത്തിലേക്ക് കടക്കുന്ന നമുക്ക് അന്തോണിയച്ചൻ ഈശോയുടെ സഹനങ്ങളെപ്പറ്റി നൽകുന്ന ചിന്തകൾ സ്വന്തമാക്കാം. കർത്താവ് മനുഷ്യാവതാരം ചെയ്തു. അതിന് താൻ തിരുമനസ്സ് ആയാൽ അതു മാത്രം മതിയായിരുന്നു. പക്ഷേ അതു മാത്രമായിരുന്നെങ്കിൽ നാം അവിടുത്തെ ഓർക്കുമോ? സ്നേഹിക്കുമോ? അതുകൊണ്ട് നമ്മുടെ സ്നേഹത്തെ ബലമായി പിടിച്ചെടുക്കാനും നമ്മെ സത്യം വഴി പഠിപ്പിക്കാനും വേണ്ടി അവിടുന്ന് ചെയ്യുന്ന കാര്യങ്ങൾ നോക്കുക.

തന്റെ ജീവിതകാലത്ത് ഒരിക്കലെങ്കിലും ഈശോ ചിരിച്ചതായി കാണുന്നില്ല എന്നാണ് അന്തോണിയച്ചൻ കരുതുന്നത്. അതിനു കാരണമായി അച്ചൻ പറയുന്നത് തന്റെ സഹനത്തിന്റെയും നമ്മുടെ രക്ഷയുടെയും കാര്യം ചിന്തിച്ച് അവിടുന്ന് എപ്പോഴും വ്യാകുലനായിരുന്നു എന്നാണ്. പീലാത്തോസ് 'ഇതാ മനുഷ്യൻ' എന്നു പറഞ്ഞുകൊണ്ട് ഈശോയെ കാണിക്കുന്നു.

അവിടുത്തെ സ്ഥിതി എന്താണ്? അവിടുന്ന് സഹിച്ച അടികളും നഗ്നതയും മുൾമുടിയും നമ്മെ എന്തു പഠിപ്പിക്കുന്നു? വ്യസനത്തിന്റെ ആധിക്യത്താൽ മനുഷ്യൻ വിയർക്കുന്നതായും ചിലപ്പോൾ മരിച്ചിട്ടുള്ളതായും കണ്ടിട്ടും കേട്ടിട്ടും ഉണ്ട്. എന്നാൽ ആരാണ് ചോര വിയർക്കത്തക്കവണ്ണം ദുഃഖിച്ചിട്ടുള്ളത്? തന്റെ വേദനയും ദുഃഖവും കാണിക്കുന്നതിനും അതുകണ്ട് നമ്മുടെ ഹൃദയം ഉരുകുന്നതിനും അവിടുന്ന് ആഗ്രഹിക്കുന്നു. 'ഇതാ ഞാൻ, ആ കുലുങ്ങുന്ന ഭൂമിയേയും പിളർന്ന പാറകളെയും ഇരുണ്ട സൂര്യനേയും രണ്ടായി പിളർന്ന ദേവാലയശീലയെയും സാക്ഷിയായി വിളിക്കുന്നു'. ആ സമയത്ത് പ്രകൃതിയിലെ ഭയങ്കരമായ മാറ്റം കണ്ട ഒരു അജ്ഞാത ജ്യോതിശാസ്ത്രജ്ഞൻ പറഞ്ഞതായി അച്ചൻ സങ്കല്പ്പിക്കുന്നു: 'ഒന്നുകിൽ ലോകം അവസാനിക്കുന്നു. അല്ലെങ്കിൽ ലോകത്തിന്റെ സ്രഷ്ടാവ് മരിക്കുന്നു'.

ഒരു മധ്യകാല കഥ അച്ചൻ ഇവിടെ നല്കുന്നു. ബൾഗേറിയ രാജാവായിരുന്ന സൈഗ്രിൻസ് പത്നിസമേതം മറ്റൊരു രാജാവിനാൽ തടവുകാരനായി പിടിക്കപ്പെട്ടു. കുറെനാൾ കഴിഞ്ഞപ്പോൾ ഈ രാജാവ് സൈഗ്രിൻസിനോട് ചോദിച്ചു. 'നിന്റെ പത്നിയെ വിടണം എങ്കിൽ എന്തു നീ തരും?' സൈഗ്രിൻ പറഞ്ഞു: 'എന്നെയും എന്റെ രാജ്യത്തെയും എന്റെ രക്തത്തെയും ഇതാ എന്റെ ഭാര്യയുടെ സ്വാതന്ത്ര്യത്തിനായി തന്നുകൊള്ളുന്നു'. രാജാവ് രണ്ടു പേരെയും സ്വതന്ത്രരാക്കി. ഈ വാഗ്ദത്തം അറിഞ്ഞപ്പോൾ ഭാര്യ സ്നേഹത്താലും നന്ദിയാലും നിറഞ്ഞ് 'എന്റെ പ്രിയനേ, നിന്നിൽ നിന്ന് ഇനി എന്റെ മുഖത്തെയും ഹൃദയത്തെയും തിരിക്കുന്നതല്ല' എന്ന് പറഞ്ഞുവത്രെ. സൈഗ്രിൻസ് പറയുക മാത്രമാണ് ചെയ്തത്. എന്നാൽ നമ്മുടെ കർത്താവ് വേണ്ടതിലധികം ചെയ്തു. അതുകൊണ്ടുതന്നെ നാം അവിടുത്തെ എത്രയോ സ്നേഹിക്കണം!

ഈശോയുടെ സഹനങ്ങളെക്കുറിച്ചുള്ള ധ്യാനം ഈശോയെ കൂടുതൽ സ്നേഹിക്കാൻ നമ്മെ നയിക്കണമെന്ന് അന്തോണിയച്ചൻ ഉദ്ബോധിപ്പിക്കുന്നു.

ദൈവദാസനെക്കുറിച്ച് ഫാ. പോൾ പുളിക്കൻ രചിച്ച ജീവചരിത്രം ദൈവത്തിന്റെ തച്ചൻ, തച്ചുപറമ്പിൽ അന്തോണിയച്ചൻ അച്ചന്റെ പൗരോഹിത്യ സ്വീകരണദിനമായ ഡിസംബർ 22ന് ചേലക്കര സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പ്രകാശനം ചെയ്തു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് ഊക്കൻ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. അജിൽ മാങ്ങൻ | 11 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Sr. | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോസ് കോനിക്കര Jr. | 25 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. അനു ചാലിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 28 |




| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 02 |

# ചരമദിനങ്ങൾ

# DEATH DAY

| | |
|---|---|
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. കൈയാലകം ജോസഫ് | 03.02.1951 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. അക്കര ആന്റണി Jr. | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. എളങ്കുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. മേച്ചേരി പോൾ | 12.02.2011 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. ചെറയത്ത് ജോൺ | 17.02.1982 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. എളങ്കുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് Jr. | 23.02.1952 |
| ഫാ. വേഴപറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മഞ്ഞളി ജോർജ്ജ് | 06.02.2014 |
| ഫാ. ചെറയത്ത് ആന്റണി | 19.02.2015 |
| ഫാ. പുളിക്കൻ ജോസഫ് | 15.02.2021 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 25.02.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

2025 ഡിസംബർ 12ന് പാലാരിവട്ടം പി.ഒ.സി യിൽ വച്ച് നടന്ന ജൂബിലി ആഘോഷങ്ങളുടെ കേരള സഭാതല സമാപന പരിപാടികളിലും ദിവ്യബലിയിലും, ഡിസംബർ 14 ന് തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്കയിൽ വച്ച് നടന്ന ക്രിസ്തു ജയന്തി ജൂബിലിയുടെ അതിരൂപതാതല സമാപന ശുശ്രൂഷകളിലും സീറോമലബാർ സഭ പ്രഖ്യാപിച്ചിട്ടുള്ള സമുദായ ശാക്തീകരണ വർഷത്തിന്റെ ഉദ്ഘാടന പരിപാടികളിലും സി.ആർ.ഐ എക്സിക്യൂട്ടീവ് അംഗങ്ങൾ സംബന്ധിച്ചു.

2025 ഡിസംബർ 20ന് തൃശൂർ നിർമ്മലമാതാ സെൻട്രൽ സ്കൂളിൽ വച്ച് നടന്ന കരോൾ ഗാന മൽസരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം യഥാക്രമം Rev. Sr. Demin & Team (CMC), Rev.Sr.Bincy Maria &Team (CHF), Rev.Sr. Therasina &Team (SMC) കരസ്ഥമാക്കി. അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ സമ്മാനദാനം നടത്തി. വിവിധസന്യാസ സമൂഹങ്ങളിൽ നിന്നായി 10 ടീമുകൾ പങ്കെടുത്തു.

### എഫ്.സി.സി

ഡിസംബർ 9-13, 21,22 തീയതികളിൽ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തിരൂർ സിയോൻ എന്നീ സെന്ററുകളിൽവെച്ച് വിവിധ ഗ്രൂപ്പുകളിലുള്ള സിസ്റ്റേഴ്സിനായി ഒരുക്കിയ Empowerment Programme ൽ റവ. ഫാ. ജോജോ മാരിപ്പാട്ട്, റവ. ഫാ. അനീഷ് എട്ടാക്ക കുന്നേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഡിസംബർ 14-ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽവെച്ച് Pre Postulancy Phase IIലെ 10 അർത്ഥിനികളും

കെനിയ റുവായ് സെന്റ് അൽഫോൻസ ഫോർമേഷൻ ഹൗസിൽവെച്ച് 3 അർത്ഥിനികളും പോസ്റ്റുലൻസിയിലേയ്ക്കും, കോതമംഗലം കോഴിപ്പിള്ളി ക്ലാര സദനിൽ വെച്ച് 6 പോസ്റ്റുലൻസും, കെനിയ കിറുവ സെന്റ് ക്ലെയേഴ്സ് കോൺവെന്റിൽവെച്ച് ഒരു പോസ്റ്റുലന്റും നൊവിഷ്യേറ്റിലേയ്ക്കും പ്രവേശിച്ചു. ഡിസംബർ 19-21 വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽവെച്ച് അസി. സുപ്പീരിയേഴ്സിനും സ്ഥാപനാധികാരികൾക്കുമായി സംഘടിപ്പിച്ച Compassionate Communication Training Programmeൽ 46 സിസ്റ്റേഴ്സ് സംബന്ധിച്ചു. ഡിസംബർ 28-ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് 'എഫ് സി സി കുടുംബവർഷ'ത്തിന്റെ സമാപനവും 'FCC with Marginalized' വർഷത്തിന്റെയും സീറോ മലബാർ സഭയുടെ 'സാമുദായിക ശാക്തീകരണ വർഷ'ത്തിന്റെയും ഉദ്ഘാടനവും വിവിധ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു. കുടുംബവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് റവ. ഫാ. വിൻസെന്റ് കുണ്ടുകുളം നയിച്ച ബൈബിൾ കൺവെൻഷനിൽ 460 പേർ പങ്കെടുത്തു. തുടർന്ന് 2.00 pm ന് '2026-എഫ്.സി.സി പാർശ്വവത്ക്കരിക്കപ്പെട്ടവരോടൊപ്പം' വർഷത്തിന്റെ ഉദ്ഘാടനം, ലോഗോ പ്രകാശനം ചെയ്തുകൊണ്ട് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫോൺസി മരിയ നിർവ്വഹിച്ചു. ഈ വർഷം പാർശ്വ വത്ക്കരിക്കപ്പെട്ടവർക്കുവേണ്ടി നടപ്പിലാക്കാൻ പോകുന്ന സ്വയം സഹായസംഘങ്ങളുടെ ഉദ്ഘാടനം, കണ്ണാറ ജയ് ക്രിസ്റ്റോ സദനിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ സംഘത്തിന് Revolving Fund ആയ 10,000/- രൂപയുടെ ചെക്ക് കൈമാറികൊണ്ട് നിർവ്വഹിച്ചു.

**സി.എം.സി**

ഡിസംബർ 1 മുതൽ 19 വരെ കണ്ടശാംകടവ് ഇടവകയിൽ ഹോംമിഷൻ നടത്തി. ചൂണ്ടൽ മരീന ഹോം, കാർമ്മൽ വലപ്പാട്, ഒല്ലൂർ സെന്റ് മേരീസ് , സെന്റ് പോൾസ് കുരിയിച്ചിറ, സി.കെ.സി. പാവറട്ടി, ഹോളി ട്രിനിറ്റി കോലഴി എന്നീ മഠങ്ങളിൽ പ്രൊവി ൻഷ്യൽ സുപ്പീരിയർ കാനോനിക സന്ദർശനം നടത്തി. ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി ഓട്ടോ ഡ്രൈവേഴ്സിനെയും സ്വപ്ന ഭൂമിയിലെ കുടുംബങ്ങളെയും ഒന്നിച്ചുകൂട്ടി, പ്രത്യേകം പ്രാർഥന നടത്തി. ക്രിസ്തുമസ്സ് സന്ദേശം (പ്രൊവിൻഷ്യൽ സുപ്പീ രിയർ) നൽകി, ക്രിസ്തുമസ്സ് സമ്മാനവും, Food kit ഉം വിതരണം ചെയ്തു.

ഡിസംബർ 22 ന് 2025 ലെ മഹാജൂബിലി സമാപനം ബഹു. പോൾ മുട്ടത്തച്ചന്റെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബലി

യർപ്പണത്തോടെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. C.M.C management ലെ അധ്യാപകർക്ക് Education Policy & അങ്ങേയക്ക് സ്തുതി (ചാക്രികലേഖനം) എന്നിവയെക്കുറിച്ചും ക്ലാസ്സുകൾ നൽകി. സോണൽ തലത്തിൽ വിവിധ Policy കളെക്കുറിച്ച് സിസ്റ്റേഴ്സിന് ക്ലാസ്സുകൾ നൽകി. ഡിസംബർ 26 മുതൽ 30 വരെ ആലുവ ജനറലേറ്റിൽ വെച്ച് നടന്ന leadership Course ൽ പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. തൃശൂർ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് Gems ന്റെ one day camp നടത്തി.

**സി.എച്ച്.എഫ്**

4-ാം തിയ്യതി മുതൽ 8-ാം തിയ്യതി വരെ നവജ്യോതി പ്രോവിൻസിൽ നടന്ന 100 മണിക്കൂർ ആരാധനയുടെ സമാപനത്തിൽ ഒളരിക്കര ലിറ്റിൽ ഫ്ളവർ ചർച്ച് വികാരിയും പ്രൊവിൻഷ്യൽ ഹൗസ് കപ്ലോനുമായ ഫാ. വിൽസൺ പിടിയത്ത് ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ക്യാൻഡിഡസിയിലുള്ള മൂന്ന് അർത്ഥിനികളെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് വ്യക്തിപരമായി കണ്ട് സംസാരിക്കുകയും പ്രാർത്ഥനയോടെ ആസ്പിരൻസിയിലേയ്ക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. 09.12.2025 ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് ചെമ്പുക്കാവ് ഹോളിഫാമിലി കോൺവെന്റ് കാനോനിക സന്ദർശനം നടത്തി. 12.12.25 ന് 1985 ൽ ആദ്യവ്രതവാഗ്ദാനം നടത്തിയ ബാച്ചിലെ എല്ലാ പ്രോവിൻസുകളിൽ നിന്നുമുള്ള സിസ്റ്റേഴ്സിന്റെ ഗാതറിങ്ങ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 14.12 ന് ഹോളി ഫാമിലിലെ അസോസിയേഷന്റെ ആനുവൽ മീറ്റിംഗ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. ഹോളി ഫാമിലി സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസ് 16 -ാം തിയ്യതി മുതൽ 18-ാം തിയ്യതി വരെ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി. തൃശൂർ സി.ആർ.ഐ യുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനായി നടത്തിയ കരോൾഗാന മത്സരത്തിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു രണ്ടാം സ്ഥാനം കരസ്ഥമാക്കി. 26.12.2025 നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെയും കൗൺസിലേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും കുടുംബാംഗങ്ങളുടെ സംഗമം നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 28.12.2025 ൽ വിശുദ്ധ മറിയം ത്രേസ്യയുടെ സ്വർഗ്ഗ പ്രവേശന ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി, ബോംബെ വസായിലെ ഹോളി ഫാമിലി എച്ച് എസ് & ജൂനിയർ കോളേജിലെ ടീച്ചേഴ്സ് കേരളം സന്ദർശിക്കുന്നതിനായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വന്നു. 31.12.2025 ൽ പുതുവർഷത്തിന്

ഒരുക്കമായി സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിലെ എല്ലാവരും അരദിവസം പ്രാർത്ഥനയിൽ ചിലവഴിച്ചു. 06.01.2026 സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ഡെ സമുചിതമായി ആഘോഷിച്ചു. 5ാം തിയ്യതി പ്രൊവിൻഷ്യൽ സുപ്പീരിയർ പിണ്ടി തെളിയിക്കുകയും 6–ാം തിയ്യതി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച 9 വൈദീകർ ചേർന്ന് ദിവ്യ ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും പ്രൊവിൻഷ്യൽ കൗൺസിലും സുപ്പീരിയറും കൗൺസിലും എല്ലാ സുപ്പീരിയേഴ്സും ഭവനാംഗങ്ങളും വൈദീകരെ അനുമോദിക്കുകയും ചെയ്തു.

**എസ്.എ.ബി.എസ്**

അഞ്ചിന് ധന്യൻ മാർ തോമസ് കുരിയാളശ്ശേരി പിതാവിന്റെ പ്രസിദ്ധമായ യാത്രാവിവരണമായ റോമാ യാത്ര എന്ന പുസ്തകത്തെ ആധാരമാക്കി ജനറലൈറ്റ് തലത്തിൽ തൊടുപുഴയിൽ സംഘടിപ്പിച്ച എഴുത്തു പരീക്ഷയിൽ സിസ്റ്റർ ആൻസി ജോസ് പാറക്കൽ, സിസ്റ്റർ സുമാ തെരേസ് പേരേപാടൻ, സിസ്റ്റർ ലീ മേരി ചിറ്റിലപ്പിള്ളി, സിസ്റ്റർ സ്റ്റെഫി കണ്ണമ്പുഴ എന്നിവർ പങ്കെടുത്തു. യഥാക്രമം 4th, 5th റാങ്ക് കരസ്ഥമാക്കി. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 40 മണി ആരാധന നടത്തി. 13ന് റവ. ഫാദർ ബാസ്റ്റിൻ പുന്നോലിപ്പറമ്പന്റെ നേതൃത്വത്തിൽ ചേറ്റുപുഴയിൽ പ്രൊവിൻസിന്റെ രജത ജൂബിലി യോടനുബന്ധിച്ചുള്ള ഏകദിന പ്രെയർ ഡേ നടത്തി. തുടർന്ന് മുൻ പ്രൊവിൻഷ്യൽ സുപ്പിരിയേഴ്സിന്റെ ധീരമായ നേതൃത്വങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ശേഷം കഴിഞ്ഞ 25 വർഷങ്ങളുടെ കൃതജ്ഞതയുടെ ചരിത്രം, വഞ്ചിപ്പാട്ട് രൂപത്തിൽ അവതരിപ്പിക്കുകയും മുന്നോട്ടുള്ള 25 വർഷങ്ങൾ എപ്രകാരമായിരിക്കുമെന്ന ആശയം ഉൾപ്പെടുത്തിയ ലഘുനാടകവും അവതരിപ്പിച്ചു. 14 ന് ജൂനിയർ സീനിയേഴ്സ് ഗാതറിങ് നടത്തി. 15 ന് തൃശ്ശൂർ മഠത്തിൽ 40 മണി ആരാധന നടത്തി. 19ന് കുമ്പളങ്ങാട് ഇടവകയിൽ മൂന്നു ദിവസം നീണ്ടു നിന്ന ദിവ്യകാരുണ്യ സായാഹ്നം ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴ ഉദ്ഘാടനം ചെയ്തു. 20 ന് സി ആർ ഐ യുടെ നേതൃത്വത്തിൽ തൃശ്ശൂർ നിർമ്മലമാത സ്കൂളിൽ വെച്ച് നടത്തിയ കരോൾ ഗാന മത്സരത്തിൽ സിസ്റ്റേഴ്സ് ഫോർത്ത് റാങ്ക് കരസ്ഥമാക്കി. 25 ന് തിരുപ്പിറവിയോടനുബന്ധിച്ച് ആകർഷകമായ പരിപാടികളോടെ ക്രിസ്മസ് ആഘോഷിച്ചു. 28ന് കോടന്നൂർ സെന്റ് ആന്റണീസ് ചർച്ചിന്റെ 125–ാം ജൂബിലി സമാപന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മേഴ്സീറ്റ കണ്ണമ്പുഴ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 29ന് കാനോനിക വ്രതത്തിനുള്ള അപേക്ഷ എഴുതുന്നതിനുള്ള ഒരുക്കമായി നടത്തിയ പ്രയർ ഡേയിൽ 13 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു.

**സി. എസ്. എസ്.**

ഇമ്മാക്കുലേറ്റ് കൺസപ്ഷൻ നൊവീഷ്യേറ്റ് ഹൗസിന്റെ തിരുന്നാളിനോടനുബന്ധിച്ച് ഡിസംബർ 7-ാം തിയതി 13 മണിക്കൂർ ആരാധന നടത്തി. അമലോത്ഭവമാതാവിന്റെ തിരുന്നാൾ 8-ാം തിയതി സമുചിതമായി ആഘോഷിച്ചു. സമരിറ്റൻ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 86-ാം മത് പൗരോഹിത്യ ദിനത്തോടനുബന്ധിച്ച് സ്ഥാപക പിതാവിന്റെ വസതിയിൽ അനുസ്മരണയോഗവും വിവിധ പരിപാടികളും നടത്തുകയും ചെയ്തു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസംബർ 26-ാം തിയതി റവ. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിലിന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്കായി ജീവിതദർശന ക്യാമ്പ് നടത്തുകയും 13 കുട്ടികൾ അതിൽ പങ്കെടുക്കുകയും ചെയ്തു.

**സി.എസ്.എം**

ഡിസംബർ 2ന് പൊന്നുക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് നടന്ന പറപ്പൂക്കര ഭവനാംഗം ബഹു. എവുലാലിയമ്മയുടെ മൃതസംസ്കാര ശുശ്രൂഷകളിൽ സുപ്പീരീയർ ജനറൽ ബഹു.മദർ ബിയാട്രിസും, ജനറൽ കൗൺസിലേഴ്സും, സിസ്റ്റേഴ്സും പങ്കെടുത്തു. സുപ്പീരിയർ ജനറൽ ബഹു. മദർ ബിയാട്രിസ് കോൺവെന്റുകളിൽ കാനോനിക സന്ദർശനം നടത്തി. 12/12/25ന് എറണാകുളം POC യിൽ വച്ച് നടത്തിയ ജൂബിലി സമാപന ചടങ്ങിൽ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സി. മെറിൻ ആന്റോ പങ്കെടുത്തു. 14/12/25ന് തൃശ്ശൂർ പുത്തൻ പള്ളിയിൽ വച്ച് നടത്തിയ ജൂബിലി സമാപനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഡിസംബർ 19ന് തൃശ്ശൂർ സ്നേഹഭവനിൽ വച്ച് നടന്ന ബഹു. ബ്രിജീത്താമ്മയുടെ മൃതസംസ്കാര ശുശ്രൂഷകളിൽ ബഹു. മദർ ബിയാട്രിസും, ജനറൽ കൗൺസിലേഴ്സും, സിസ്റ്റേഴ്സും പങ്കെടുത്തു.

20/12/25ന് CRI യുടെ നേതൃത്വത്തിൽ നടത്തിയ കരോൾ ഗാന മത്സരത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. 23/12/25ന് തൃശ്ശൂർ ബിഷപ്പ് ഹൗസിൽ വച്ച് നടത്തിയ ക്രിസ്തുമസ് കൂട്ടായ്മയിൽ (അയൽക്കൂട്ടം) സിസ്റ്റേഴ്സ് പങ്കെടുത്തു.

## ആദരാഞ്ജലികൾ



07/12/2025 സി.എം.സി. ചേറൂർ സെന്റ് സേവിയേഴ്സ് മഠാംഗമായ **സി. ക്ലാര** നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ബിഷപ്പ് എമരിത്തൂസ് മാർ ബോസ്ക്കോ പുത്തൂരിന്റെ മുഖ്യ കാർമികത്വത്തിൽ കോലഴി ഹോളിട്രിനിറ്റി മഠത്തിൽ മൃതസം സ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു.



ഗുരുവായൂർ ലിസ്യു മഠാംഗമായ **സി. ഇന്നസെന്റ്** 2025 ഡിസംബർ 1-ാം തീയതി ഉച്ചയ്ക്ക് 1.15 ന് നിര്യാതയായി. 2-ാം തീയതി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 3.00 മണിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു.



18/12/25ൽ തൃശ്ശൂർ സ്നേഹഭവൻ അംഗമായ **സിസ്റ്റർ ബ്രിജീത്ത** വൈകിട്ട് 10.45 ന് നിര്യാതയായി. 19-ാം തിയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് തൃശൂർ അതിരൂപ ത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മി കത്വത്തിൽ കൊളങ്ങാട്ടുകര മരിയാഭവൻ ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

വൈദികാർത്ഥികൾക്കായുള്ള മാസധ്യാനം നവംബർ 14, 15 തിയ്യതികളിൽ സെമിനാരിയിൽ നടന്നു. ധ്യാനം നയിച്ചത് ബഹു. റവ. ഫാ. ക്രിസ്റ്റി ഫ്രാൻസിസ് Ofm.Cap. അച്ചനാണ്.

**പാസ്റ്ററൽ ഇടവക വികാരിമാരുടെ സംഗമം**

അജപാലനപരിശീലനത്തിന്റെ ഭാഗമായി ഞായറാഴ്ചകളിൽ രൂപതയിലെ വിവിധങ്ങളായ ഇടവകകളിൽ ബ്രദേഴ്സ് പോകുന്നു. ഇതിന്റെ ഭാഗമായി പാസ്റ്ററൽ വികാരിമാരുടെ ഒരു മീറ്റിങ്ങ് സെമിനാരിയിൽവെച്ച് നവംബർ 13 ന് നടത്തപ്പെട്ടു. അജപാലനപരിശീലനത്തെക്കുറിച്ച് യോഗം വിലയിരുത്തി. ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

**ഭകതിഗാന മത്സരം**

വിശുദ്ധ സിസ്സിലിയുടെ തിരുനാളിന്റെ ഭാഗമായി സെമിനാരി ഗായകസംഘം ഡയക്ടർ ബഹു. പോൾ പുളിക്കനച്ചന്റെയും ബ്രദേഴ്സിന്റെയും നേതൃത്വത്തിൽ നവംബർ 22 ന് ഭക്തിഗാന മത്സരം സംഘടിപ്പിച്ചു.

**Football - Basketball സൗഹൃദ മത്സരങ്ങൾ**

വൈദികവിദ്യാർത്ഥികളിലെ കായികാഭിമുഖ്യം പ്രോത്സാഹിക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ മത്സരങ്ങളിൽ മേരിമാത സെമിനാരി ടീം പങ്കെടുത്തു. നവംബർ 10-ാം തിയ്യതി ഇരിഞ്ഞാലക്കുട രൂപതയിലെ ബഹു. വൈദികരുമായി മേരിമാത സെമിനാരി ടീം basketball കളിച്ചു. നവംബർ 14-ാം തിയ്യതി കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുമായി Football Match ൽ പങ്കെടുത്ത് മേരിമാത സെമിനാരി ടീം വിജയിച്ചു. നവംബർ 18-ാം തിയ്യതി ആലുവ CST സെമിനാരിയിൽ വച്ച് നടന്ന basketball tournament ൽ മേരിമാത സെമിനാരി ടീം പങ്കെടുത്തു. നവംബർ 21-ാം തിയതി ആലുവ മംഗലപ്പുഴ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട football match ൽ മേരിമാതാ സെമിനാരി ടീം വിജയിച്ചു. ഡിസംബർ 9-ാം തിയ്യതി കാൽവരി കപ്പുച്ചിൻ ആശ്രമ സെമിനാരിയിലെ ബ്രദേഴ്സുമായി സെമിനാരി ടീം football കളിച്ചു. ഡിസംബർ 10 ന് സനാതന MCBS സെമിനാരിയിലെ ബ്രദേഴ്സുമായി സൗഹൃദ

മത്സരം basketball Match ൽ പങ്കെടുത്ത് മേരിമാത സെമിനാരി ടീം വിജയിച്ചു.

**സ്നേഹോത്സവം**

വൈദിക വിദ്യാർത്ഥികളുടെ അജപാലന പരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പടവരാട് സെന്റ് തോമസ് ഇടവകയിൽ വച്ച് സ്നേഹോത്സവം നടത്തപ്പെട്ടു. സ്നേഹോത്സവത്തിന്റെ ഒരുക്കമായി ബഹു. അലക്സ് മരോട്ടിക്കലച്ചൻ, ബഹു. ഗ്ലാഡ്റിൻ വട്ടക്കുഴിയച്ചൻ, ബഹു. ജാക്സൺ തെക്കേകരയച്ചൻ എന്നിവർ ക്ലാസെടുത്തു. ഒരു മാസത്തെ പ്രാർത്ഥനയക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും ശേഷം നവംബർ 29 മുതൽ ഡിസംബർ 5 വരെ വൈദികരും വൈദികാർത്ഥികളുമടങ്ങുന്ന സെമിനാരികുടുംബം പടവരാട് ഇടവകയിൽ സ്നേഹോത്സവത്തിനായി കടന്നുചെന്നു. ബഹുമാനപ്പെട്ട ഇടവക വികാരി റവ ഫാ. സെബി ചിറ്റിലിപ്പിള്ളിയച്ചനും ഇടവക സമൂഹവും സെമിനാരി കുടുംബത്തെ സ്വാഗതം ചെയ്തു. പത്ത് സോണുകളായി ബ്രദേഴ്സും ബഹു. വൈദികരും ഈ ആത്മീയ മുന്നേറ്റത്തിനായി പരിശ്രമിച്ചു. അഭിവന്ദ്യ പിതാക്കൻമാരായ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും മാർ ബോസ്ക്കോ പുത്തൂർ പിതാവും ധ്യാന ദിവസങ്ങളിൽ ഇടവകദേവാലയത്തിൽ വരുകയും പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഇടവകയിലെ പ്രായമായവർക്കായി seniors meet, യുവാക്കൾക്കായി youth meet,- കുട്ടികൾക്കായി teens meet - kids meet, വിവാഹിതർക്കായി വിവാഹിതരുടെ സംഗമം എന്നിവ നടത്തി. വൈദികരും വൈദികാർത്ഥികളും ഭവനസന്ദർശനവും പ്രാർഥനശുശ്രൂഷകളും നിർവഹിച്ചു.

നവംബർ 6 ന് സ്നേഹോത്സവത്തെക്കുറിച്ച് അവലോകനം നടത്തി. യോഗത്തിൽ റെക്ടറച്ചൻ എല്ലാവർക്കും പ്രത്യേകിച്ച് പാസ്റ്ററൽ ആനിമേറ്ററായ ബഹു. സാജൻ പിണ്ടിയാനച്ചനും കോഡിനേറ്റർ ബ്രദർ സിറിൽ വട്ടകാട്ടുശ്ശേരിയ്ക്കും നന്ദി പറഞ്ഞു.

**അമലോത്ഭവ തിരുനാൾ ആഘോഷവും ദിവ്യകാരുണ്യ പ്രദക്ഷിണവും**

സെമിനാരിയുടെ ശിലാസ്ഥാപനത്തിന്റെ അനുസ്മരാണാർത്ഥം ഡിസംബർ 8ന് രാവിലെ ആഘോഷമായ വിശുദ്ധ കുർബ്ബാനയും വൈകീട്ട് ദിവ്യകാരുണ്യപ്രദക്ഷിണവുമുണ്ടായിരുന്നു. സെമിനാരി കുടുംബത്തിന് ദിവ്യനാഥൻ നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയർപ്പിച്ചുകൊണ്ട് സെമിനാരികുടുംബം അഭിവന്ദ്യ ടോണി പിതാവിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യആരാധനയിലും

പ്രദക്ഷിണത്തിലും പങ്കുചേർന്ന് പ്രാർത്ഥിച്ചു.

**പരീക്ഷകൾ**

ഈ വർഷത്തിലെ രണ്ടാം സെമസ്റ്ററിലെ ആദ്യപാദ പരീക്ഷകൾ ഡിസംബർ 12 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു.

**മാസധ്യാനം**

ഡിസംബർ മാസത്തെ മാസ ധ്യാനം ഡിസംബർ 19 തീയതി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട അബ്രഹാം പാലത്തിങ്കൽ അച്ചനാണ് ധ്യാനം നയിച്ചത്.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ ഇരുപതാം തിയ്യതി വൈകുന്നേരം പ്രത്യേക പ്രാർത്ഥനയോടുകൂടി ക്രിസ്തുമസ് ആഘോഷങ്ങൾ ആരംഭിച്ചു. തിരുകർമ്മങ്ങൾക്ക് ഫാ. സിന്റോ പൊറത്തൂർ അച്ചൻ കാർമ്മികനായി. ബഹു. സിജോണച്ചൻ സന്ദേശം നൽകി. അന്ന് വൈകീട്ട് എല്ലാ ബാച്ചിലേയും വൈദിക വിദ്യാർഥികൾ വിവിധങ്ങളായ പരിപാടികൾ അവതരിപ്പിച്ചു. ക്രിസ്തുമസിന് ഒരുക്കമായി വൈദിക വിദ്യാർഥികൾ ഫിലോസഫി, തിയോളജി, അക്കാഡമിക് ബ്ലോക്കുകളിൽ നക്ഷത്രങ്ങൾ തൂക്കുകയും മനോഹരമായ ക്രിസ്തുമസ് Crib നിർമ്മിക്കുകയും ചെയ്തു ഡിസംബർ ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച ക്രിസ്തുമസ് അവധിക്കായി ബ്രദേഴ്സ് വീടുകളിലേക്ക് പോയി.

**തിരുപ്പട്ടങ്ങൾ**

മേരിമാതാ സെമിനാരിയിൽ ഈ വർഷം പരിശീലനം പൂർത്തിയാക്കിയ 15 ഡീക്കന്മാരുടെ തിരുപ്പട്ടസ്വീകരണങ്ങൾ ഡിസംബർ 26 മുതൽ ആരംഭിച്ചു. തിരുപ്പട്ടസ്വീകരണ ശുശ്രൂഷകളിൽ സെമിനാരി കുടുംബം പങ്കെടുത്ത് പ്രാർത്ഥിച്ചു.

**ദനഹാ തിരുനാൾ**

ജനുവരി 5 വൈകിട്ട് വെക്കേഷൻ കഴിഞ്ഞ് വൈദിക വിദ്യാർഥികൾ തിരികെ സെമിനാരിയിലേക്ക് വന്നു. അന്ന് വൈകിട്ട് ദനഹാ തിരുന്നാളിന്റെ പ്രത്യേക പ്രാർത്ഥന ശുശ്രൂഷകൾ നടത്തപ്പെട്ടു. പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട വൈസ് റെക്ടർ  സജിയച്ചൻ കാർമികനായി. ബഹുമാനപ്പെട്ട സിബി ചെറുതോട്ടിലച്ചൻ സന്ദേശം നൽകി. ബ്രദേഴ്സിന്റെ നേതൃത്വത്തിൽ പിണ്ടി മനോഹരമായി അലങ്കരിക്കുകയും ദീപംതെളിയിക്കുകയും ചെയ്തു. തിരുകർമ്മങ്ങൾക്ക്ശേഷം ചെറിയ രീതിയിലുള്ള വർണമഴ ഉണ്ടായിരുന്നു.

**സൗഹൃദ സന്ദർശനം**

SDV കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ ഫാദർ ചീറോസാർ നത്താരോ, ഫോർമേറ്റർ കൗൺസിലർ ഫാദർ അന്തോണിയോ, ഇന്ത്യൻ ഡെലിഗേറ്റ് ബഹു. ഫാദർ സജേഷം എന്നിവർ ജനുവരി ഒമ്പതാം തിയ്യതി സെമിനാരി സന്ദർശിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual wellwisher Membership

1. ശ്രീ ജെനിഷ് എ.ജെ, അറയ്ക്കൽ ഹൗസ്, അർണോസ് നഗർ, പി.ഒ. വേലൂർ ബസാർ, തൃശ്ശൂർ.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**

റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**പരീക്ഷാകാലം:**

2025 ഡിസംബർ 9 മുതൽ 20 വരെ സെമിനാരിയിൽ ക്രിസ്തുമസിനു മുമ്പായുള്ള പരീക്ഷകൾ നടന്നു. വിദ്യാർത്ഥികൾ വളരെ ഗൗരവത്തോടും പ്രാർത്ഥനയോടും കൂടി പരീക്ഷകളിൽ പങ്കെടുത്തു.

**ക്രിസ്തുമസ് അവധി:**

പരീക്ഷകൾക്ക് ശേഷം ക്രിസ്തുമസ് ആഘോഷങ്ങൾ ഉണ്ടായിരുന്നു. ഡിസംബർ 21-ാം തീയതി ക്രിസ്തുമസ് അവധി ആരംഭിച്ചു. തിരുപ്പിറവിയുടെ സന്തോഷം പങ്കുവെക്കുന്നതിനായി വിദ്യാർത്ഥികൾ തങ്ങളുടെ ഭവനങ്ങളിലേക്ക് യാത്രയായി.

**തിരിച്ചുവരവ്:**

അവധിക്ക് ശേഷം 2026 ജനുവരി ഒന്നാം തീയതി വിദ്യാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തി. പുതിയ വർഷത്തിന്റെ പ്രതീക്ഷകളുമായി എല്ലാവരും സെമിനാരിയിൽ ഒത്തുചേർന്നു.

**ക്ലാസ്സുകളുടെ തുടക്കം:**

2026 ജനുവരി രണ്ടാം തീയതി മുതൽ പുതിയ ടേമിലെ ക്ലാസ്സുകൾ ഔദ്യോഗികമായി ആരംഭിച്ചു.

**ദെനഹാ പെരുന്നാൾ ആഘോഷം**

• ദെനഹാ പെരുന്നാൾ: ജനുവരി 6-ാം തീയതി സെമിനാരിയിൽ വളരെ ഭക്തിപൂർവ്വം 'ദനഹാ പെരുന്നാൾ' (പിണ്ടിപെരുന്നാൾ)

ആഘോഷിച്ചു. കർത്താവിന്റെ മാമ്മോദീസായെ അനുസ്മരിച്ചു കൊണ്ട് നടന്ന തിരുക്കർമ്മങ്ങളിൽ എല്ലാവരും പങ്കുചേർന്നു.

• പിണ്ടിപെരുന്നാൾ ആചാരം: പെരുന്നാളിനോടനുബന്ധിച്ച് സെമിനാരി അങ്കണത്തിൽ പരമ്പരാഗത രീതിയിലുള്ള 'പിണ്ടി' ഉയർത്തുകയും അതിൽ വിളക്കുകൾ തെളിയിക്കുകയും ചെയ്തു. 'ദൈവം പ്രകാശമാകുന്നു' എന്ന സന്ദേശം വിളിച്ചോതിക്കൊണ്ട്, ദീപങ്ങളാൽ അലംകൃതമായ പിണ്ടിക്ക് ചുറ്റും 'ഏൽ പയ്യ്യാ' (ദൈവം പ്രകാശമാകുന്നു) പാടി വിദ്യാർത്ഥികളും വൈദികരും സന്തോഷം പങ്കിട്ടു.

**നവവൈദികർക്ക് സ്വീകരണം**

• സ്വീകരണവും അനുഭവ പങ്കുവെക്കലും: ജനുവരി 7, 8 തീയതികളിൽ, പുതുതായി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ഊഷ്മളമായ സ്വീകരണം നൽകി. തങ്ങളുടെ പൗരോഹിത്യ ജീവിതത്തിലെ ആദ്യകാല അനുഭവങ്ങൾ അവർ സെമിനാരിക്കാരുമായി പങ്കുവെച്ചു.

• വി. ബലിഅർപ്പണം: നവവൈദികരുടെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരി ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. നവവൈദികരുടെ സാന്നിധ്യവും സന്ദേശവും സെമിനാരി സമൂഹത്തിന് വലിയ ആത്മീയ പ്രചോദനമായി.

**മാസധ്യാനം (Monthly Recollection)**

2026 ജനുവരി 10-ാം തീയതി ശനിയാഴ്ച സെമിനാരിയിൽ പ്രതിമാസ ധ്യാനം (Monthly Recollection) നടന്നു. തൃശ്ശൂർ അതിരൂപതാംഗമായ റവ. ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ ആണ് ഈ മാസത്തെ ധ്യാനചിന്തകൾക്ക് നേതൃത്വം നൽകിയത്. ബധിരരും മൂകരുമായ സഹോദരങ്ങൾക്കിടയിലുള്ള അജപാലന ശുശ്രൂഷകളിൽ (Ministry for the Deaf and Dumb) പ്രത്യേക പരിശീലനം സിദ്ധിച്ച അച്ചൻ, ആ മേഖലയിലെ തന്റെ അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. ഭിന്നശേഷിക്കാരായ വ്യക്തികളെ ശുശ്രൂഷിക്കുന്നതിനായുള്ള ആംഗ്യഭാഷാ രീതികളെക്കുറിച്ചും ആത്മീയ സമീപനങ്ങളെക്കുറിച്ചും അച്ചൻ നടത്തിയ പ്രഭാഷണം സെമിനാരിയിലെ ഭാവി വൈദികർക്ക് വലിയ ഉൾക്കാഴ്ച നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ:**

1. ശ്രീ. നവീൻ, കട്ടിക്കാരൻ ഹൗസ്, മണലൂർ
2. ശ്രീമതി. ഹിമ റോയ്, കുണ്ടുകുളങ്ങര ഹൗസ്, പറപ്പൂർ
3. ശ്രീ. തോമസ് അലക്സ്, പള്ളിതെക്കേതിൽ ഹൗസ്, ഒല്ലൂർ
4. ശ്രീ. ഗോഡ്സൺ എം.ഡി., മാങ്ങൻ ഹൗസ്, കാരമുക്ക്

5. ശ്രീ. സുനിൽ പോൾ, കാവുങ്കൽ ഹൗസ്, കുരിയച്ചിറ
6. ശ്രീ. ഹാരിസൺ, പുറത്തൂർ വർഗീസ്.
7. ശ്രീമതി. മേരി ജോയ്, ചെമ്പൂക്കാവ് ഹൗസ്, ഒല്ലൂർ
8. ശ്രീ. ഫ്രാൻസിസ് ഡേവിസ്, നീലിശേരി കൊമ്പൻ ഹൗസ്, കണ്ണംകുളങ്ങര
9. ശ്രീ. പീറ്റർ ഡേവിസ്, നീലിശേരി കൊമ്പൻ ഹൗസ്, കണ്ണംകുളങ്ങര
10. ശ്രീ. ആന്റണി ടി.വി., തെക്കനാത്ത് പണ്ടാരവളപ്പിൽ ഹൗസ്, കണ്ടശ്ശാംകടവ്

സെമിനാരിക്കാരുടെ ഭൗതികവും ആത്മീയവുമായ വളർച്ചയിൽ സഹകരിക്കുകയും ബേഴ്സുകൾ (Burse) വഴി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്ന എല്ലാ ഉപകാരികളെയും നന്ദിയോടെ സ്മരിക്കുന്നു. സഭയുടെ ഭാവി വൈദികരുടെ രൂപീകരണത്തിൽ പങ്കുചേരുന്ന ഏവരുടേയും വലിയ മനസ്സിന് ഹൃദയം നിറഞ്ഞ നന്ദി.

## വിശ്വാസ പരിശീലനം

### കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

പുതുവർഷത്തിന്റെ സന്തോഷങ്ങളിൽ നിന്ന് നമ്മൾ ഇപ്പോൾ ആരാധനാക്രമവത്സരത്തിലെ പ്രത്യേക കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. സഭയിൽ ഇത് 'നോമ്പ്' കാലമാണ്. ഈശോ നമുക്ക് വേണ്ടി സഹിച്ച കഷ്ടപ്പാടുകളെ ഓർക്കാനും, അവിടുത്തെ സ്നേഹത്തിലേക്ക് കൂടുതൽ അടുക്കാനുമുള്ള പുണ്യകാലം. അതോടൊപ്പം 2026 സീറോമലബാർ സഭ സമുദായശക്തീകരണ വർഷമായി (Year of Community Empowerment) ആചരിക്കുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ.

മക്കളേ, ഈ വർഷം നമ്മുടെ സീറോ മലബാർ സഭ 'സമുദായ ശക്തീകരണ വർഷമായി' ആചരിക്കുകയാണല്ലോ. എന്താണ് സമുദായശക്തീകരണ വർഷം? ഒരു കുടുംബത്തിലെ അംഗങ്ങൾ പരസ്പരം സഹായിക്കുമ്പോൾ ആ കുടുംബം ശക്തമാകുന്നതു പോലെ, നമ്മുടെ സമുദായത്തിലെ എല്ലാവരും മാതാപിതാക്കളും യുവജനങ്ങളും നിങ്ങളെപ്പോലെയുള്ള കുഞ്ഞുമക്കളും ഒരേ

മനസ്സോടെ സ്നേഹത്തിലും വിശ്വാസത്തിലും ഒന്നുചേരുന്നതും പരസ്പരം ശക്തിപ്പെടുത്തുന്നതുമാണ് സമുദായശക്തീകരണം. നമ്മുടെ കഴിവുകൾ സമുദായത്തിന്റെ നന്മയ്ക്കും ഉന്നതിക്കും വേണ്ടി ഉപയോഗിക്കാനുള്ള ബോധവത്കരണവും അവസരവുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മൾ ഓരോരുത്തരും നല്ല ക്രിസ്ത്യാനികളായി ജീവിക്കുമ്പോൾ നമ്മുടെ സഭയും സമുദായവും സമൂഹവും കൂടുതൽ ശക്തമാകും.

ഈ നോമ്പുകാലത്ത് നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്താൻ നിങ്ങൾക്കും വലിയ കാര്യങ്ങൾ ചെയ്യാനുണ്ട്. എന്താണ് ഈ നോമ്പ്?

നമ്മൾ ഒരു വലിയ യാത്രയ്ക്ക് തയ്യാറെടുക്കുന്നത് പോലെയാണ് നോമ്പ്. ഈ യാത്ര അവസാനിക്കുന്നത് ഈശോയുടെ ഉയിർപ്പിന്റെ വലിയ സന്തോഷമായ ഈസ്റ്ററിലാണ്. നമ്മുടെ ഉള്ളിലെ ദേഷ്യം, വാശി, അനുസരണക്കേട് തുടങ്ങിയവ മാറ്റിവെച്ച് ഹൃദയം ശുദ്ധമാക്കുന്നതാണ് യഥാർത്ഥ നോമ്പ്. നമ്മുടെ സ്നേഹം പ്രവൃത്തിയിലൂടെ കാണിക്കാനുള്ള സമയമാണ് നോമ്പ് (1 യോഹന്നാൻ 3:18). ഈ നോമ്പുകാലത്ത് നിങ്ങൾക്കായി ഞാൻ മൂന്ന് ചെറിയ കാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. പ്രാർത്ഥന (ഈശോയോട് സംസാരിക്കാം): ദിവസവും അല്പ നേരം ഈശോയോട് സംസാരിക്കണം. സഭയ്ക്കും നമ്മുടെ സമുദായത്തിനും വേണ്ടി പ്രാർത്ഥിക്കണം. വിശുദ്ധ പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു: 'ദൈവത്തിന്റെ ശക്തമായ കരത്തിനുകീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ; അവിടുന്ന് നിങ്ങളെ ഉയർത്തിക്കൊള്ളും' (1 പത്രോസ് 5:6).

2. ത്യാഗം (നമുക്ക് പ്രിയപ്പെട്ടത് മാറ്റിവെക്കാം): മൊബൈൽ ഗെയിമുകൾ, ടിവി, മിഠായികൾ തുടങ്ങിയവ ഈശോയ്ക്ക് വേണ്ടി നമുക്ക് മാറ്റിവെക്കാം. വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നതുപോലെ: 'ഈശോയ്ക്ക് വേണ്ടി പുഞ്ചിരിയോടെ ചെയ്യുന്ന ഓരോ ചെറിയ കാര്യവും വലിയ പുണ്യമാണ്.'

3. സ്നേഹം (മറ്റുള്ളവരെ സഹായിക്കാം): വീട്ടിൽ സഹായിച്ചും, കൂട്ടുകാർക്ക് നന്മ ചെയ്തും നമുക്ക് നല്ല കുട്ടികളാകാം. നമ്മുടെ സമൂഹത്തിലെയും സമുദായത്തിലെയും പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ നിങ്ങളുടെ ചെറിയ സമ്പാദ്യത്തിൽ നിന്ന് ഒരു പങ്ക് മാറ്റിവെക്കുന്നത് സമുദായത്തെയും സമൂഹത്തെയും ശക്തിപ്പെടുത്തുന്ന വലിയൊരു കാര്യമാണ്.

ഈ നോമ്പുകാലത്ത് ഈശോയെപ്പോലെ വിനയമുള്ളവരും സഭയെ സ്നേഹിക്കുന്നവരുമായി വളരാൻ നമുക്ക് പരിശ്രമിക്കാം.

നിങ്ങളുടെ ചെറിയ പ്രാർത്ഥനകളിൽ എന്നെയും ഓർക്കുമല്ലോ. വിശുദ്ധമായ ഒരു നോമ്പുകാലം നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെയും പ്രാർത്ഥനയോടെയും,

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

## വിശ്വാസപരിശീലന കേന്ദ്രം 2026 ഫെബ്രുവരി

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

**1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (ഡിസംബർ 16 മുതൽ ജനുവരി 16 വരെ) യൂണിറ്റുകൾ: തൃപ്രയാർ, വലപ്പാട്, കല്ലൂർ ഈസ്റ്റ്, കല്ലൂർ വെസ്റ്റ്, മണ്ണംപ്പേട്ട, ചിറ്റിശ്ശേരി, നന്തിപുലം നോർത്ത്, നെന്മണിക്കര, പാലാഴി, പള്ളിക്കുന്ന്, പുതുക്കാട്, സ്നേഹപുരം, തൊറവ്, വരാക്കര സൗത്ത്, വരന്തരപ്പിള്ളി, വെള്ളാനിക്കോട്, വെണ്ടോർ. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**2. മിഷൻ ക്വസ്റ്റ്**

സീറോ മലബാർ മിഷൻ വിഭാഗം ആഗോള സഭാതലത്തിൽ നടത്തിയ മിഷൻ ക്വസ്റ്റ് ജൂനിയർ വിഭാഗം മത്സരത്തിൽ തൃശ്ശൂർ അതിരൂപതയിലെ മുക്കാട്ടുകര ഇടവകയിൽ നിന്നുള്ള ലിവിയ വർഗ്ഗീസ് ആഗോളതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അഭിനന്ദനങ്ങൾ നേരുന്നു. അതിരൂപത തലത്തിൽ സമ്മാനം ലഭിച്ചവർ

സീനിയർ വിഭാഗം - ബ്ര. ബിജോയ് പാലയൂർ- ആളൂർ, ട്രീസമോൾ പി. വി. - മുക്കാട്ടുകര, വിചിത്ര പി. ടി. - ആളൂർ

ജൂനിയർ വിഭാഗം - ലിവിയ വർഗ്ഗീസ് - മുക്കാട്ടുകര, ജെസ്‌ലെറ്റ് ജെയ്മോൻ - കണ്ണാറ, ഹന്ന മരിയ ബാബു - ചൊവ്വന്നൂർ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

### II. അറിയിപ്പുകൾ

**1. പ്രിൻസിപ്പൽ കോൺഫ്രൻസ്**

തിയതി: 01-02 -2026

സമയം: 02pm - 5pm

സ്ഥലം: ഡി. ബി. സി. എൽ. സി.

**2. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലൊ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെ അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

2026 ഫെബ്രുവരി 8, 2PM-4PM: Stds. X, XI, XII

2026 ഫെബ്രുവരി 8, 2PM-5PM : ACC

2026 ഫെബ്രുവരി 15, 2PM-4PM: Stds. I, III, V, VII, IX

2026 ഫെബ്രുവരി 22, 2PM-4PM : Stds. II, IV, VI, VIII

**3. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)**

അർദ്ധവാർഷിക പരീക്ഷ എഴുതുകയും, ജനുവരി 26 നു മുമ്പ് 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും **ACC** വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭ്യമാക്കാവൂ. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**4. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.

3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendanceലെ മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിൽ (പേജ് 93, 94) നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.

4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ

ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

5. ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.

7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായിട്ടുള്ള വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

### III. Daily Catechism

**സ്കോളർഷിപ്പ് പരീക്ഷകൾ:**

മോറൽ സയൻസ്: ഫെബ്രുവരി 14 ശനിയാഴ്ച്ച Std. IV, VII, X, XII (രാവിലെ 10 മുതൽ 12 വരെ ഡി ബി സി എൽ സി യിൽ വെച്ച്)

**ഫാ. സനൽ തോമസ് മാളിയേക്കൽ**
അസി. ഡയറക്ടർ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

## എക്സൽ അക്കാദമി

### Civil Service Course (സിവിൽ സർവീസ് കോഴ്സ്)

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ ഈ വരുന്ന പുതുവർഷം ജനുവരി 2026 ൽ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ഓൺലൈനായും ഓഫ്ലൈനായും ക്ലാസുകൾ നടത്തുന്നു. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ്

പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ദിവസത്തിൽ ഒരു ക്ലാസ്സിനു 250 രൂപ, ഓരോ മാസത്തെ ക്ലാസ്സിന്റെ എണ്ണത്തിനനുസരിച്ച് ഫീസിൽ മാറ്റമുണ്ടാകം. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. താല്പ ര്യമുള്ളവർ രജിസ്ട്രേഷനായി ഫെബ്രുവരി 10 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക.

**Coaching Centre for Minority Youth**

(ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചുകൾ 2026 ജനുവരി 18 മുതൽ ആരംഭിച്ചു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ളോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അഡ്മിഷൻ ഫെബ്രുവരി 10 വരെ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

*Contact*: **Excel Academy**: 9744941585
Prof. Dr. Mani K Peter, Academic Head: 9847235070
Ashik Thomas, Administrative & Technical Support: 7907326322

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**എം.എച്ച്.എ. കോഴ്സ് ആരംഭിച്ചു.**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് ആരം ഭിച്ചു. കേരള ആരോഗ്യസർവ്വകലാശാലയുടെ കീഴിൽ വരുന്ന എം.എച്ച്.എ. കോഴ്സിന്റെ ഉദ്ഘാടനം കേരള ആരോഗ്യസർവ്വക

ലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മേൽ നിർവ്വഹിച്ചു. ആരോഗ്യ സംരക്ഷണ മേഖലയിലെ മാനേജ്മെന്റ് വിദ്യാഭ്യാസത്തിന് പുതിയ ദിശ നൽകുന്ന ഈ കോഴ്സ് വിദ്യാർത്ഥി കൾക്ക് വിപുലമായ തൊഴിൽ സാധ്യതകൾ ഒരുക്കുമെന്ന് ചടങ്ങിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ വിദ്യാഭ്യാസ ശൃംഖല യിൽ എട്ടാമത്തെ സ്ഥാപനമായാണ് എം.എച്ച്.എ. കോഴ്സ് ആരംഭിച്ചിരിക്കുന്നത്.

**അതിജീവിതരായ കുഞ്ഞുങ്ങളെ സമൂഹം ചേർത്ത് പിടിക്കണം : (AFMEK)**

അതിജീവിതരായ കുഞ്ഞുങ്ങളെ സമൂഹം ചേർത്തു നിർത്തണ മെന്നും അവരുടെ സർവ്വോന്മുഖമായ ഉന്നമനത്തിനായി വിവിധ മേഖലയിലുള്ളവർ ഒന്നുചേർന്ന് പ്രവർത്തിക്കുകയും വേണമെന്ന് അസോസിയേഷൻ ഓഫ് ഫോറൻസിക് മെഡിസിൻ എക്സ്പേർട്ട്സ് കേരളയുടെ രണ്ടാമത് ദ്വിദിന ദേശീയ സമ്മേളനം ആഹ്വാനം ചെയ്തു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേ ജിൽ വെച്ച് ഡിസംബർ മാസം രണ്ടാം വാരത്തിൽ നടന്ന സമ്മേളനം ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം (വെർച്വൽ) ചെയ്തു. 'ബാലപീഡനവും ഫോറൻസിക് അന്വേഷ ണവും പാരസ്പര്യതയിൽ : പുത്തനാശയങ്ങളും സമ്പ്രദായങ്ങളും' എന്ന വിഷയം അധികരിച്ച് നടന്ന സമ്മേളനത്തിൽ ഇന്ത്യയുടെ പ ല ഭാഗങ്ങളിൽ നിന്നുമായി ജഡ്ജുമാർ, ഐ.പി.എസ്. ഉദ്യോഗസ്ഥർ, ശിശുരോഗ വിദഗ്ധർ, സ്ത്രീരോഗ വിദഗ്ധർ എന്നിവർ വിഷയാ സ്പദമായി പ്രഭാഷണങ്ങൾ നിർവ്വഹിച്ചു.

**ജൂബിലി ഫെസ്റ്റ് 2025 :**

**പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം.**

തൃശ്ശൂരിലെ വിശ്വാസ്യതയും സേവന പാരമ്പര്യവും കൈമുത ലായുള്ള ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 75 വർഷത്തെ ആരോഗ്യസേവന പാരമ്പര്യം അടയാ ളപ്പെടുത്തുന്ന പ്ലാറ്റിനം ജൂബിലി ചടങ്ങുകൾക്ക് ഹോസ്പിറ്റൽ ഡേ ആയ ജൂബിലി ഫെസ്റ്റ് 2025-ൽ തുടക്കമായി. രംഗപൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. സ്നേഹസേവന ത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള ജൂബിലി മിഷന്റെ 75 വർഷത്തെ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം തൃശ്ശൂർ എം.എൽ.എ., പി. ബാലചന്ദ്രൻ നിർവഹിച്ചു. പൊതുജനാരോഗ്യ രംഗത്തും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലും ജൂബിലി മിഷൻ നൽകിയ സംഭാവനകൾ അദ്ദേഹം പ്രശംസിച്ചു.

പ്രശസ്ത സംഗീത സംവിധായകനും നടനും ഗായകനും നിർമ്മാതാവുമായ മേജോ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. പ്ലാറ്റിനം ജൂബിലി ആശയവും പ്രവർത്തനങ്ങളും അസിസ്റ്റന്റ് ഡയറക്ടറും ജൂബിലി ആഘോഷങ്ങളുടെ ചെയർപേഴ്സണുമായ ഫാ. ടെറിൻ മുള്ളക്കര അവതരിപ്പിച്ചു. തുടർന്ന് 75 പരിപാടികളുടെ പ്രഖ്യാപനവും പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഒദ്യോഗിക ഉദ്ഘാടനവും മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. സ്ഥാപനത്തിന്റെ വളർച്ചക്ക് നിർണായക സംഭാവന നൽകി വിരമിച്ച ജീവനക്കാരെയും ജൂബിലേറിയന്മാരെയും ചടങ്ങിൽ ആദരിച്ചു.

**'ഗ്രാന്റ് ക്രിബ്ബ്' ഉദ്ഘാടനം ചെയ്തു.**

ആശുപത്രി എഴുപത്തഞ്ചാം വർഷത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി ആശുപത്രിയുടെ വിവിധ നാഴികകല്ലുകൾ പരാമർശിക്കുന്ന 75 നക്ഷത്രങ്ങൾ തെളിയിച്ചുകൊണ്ടാണ് ആശുപത്രിയുടെ 'ഗ്രാന്റ് ക്രിബ്ബിന്റെ' ഉദ്ഘാടനം നടന്നത്.

**ഡോ. കെ. പത്മകുമാറിന് ദേശീയ അംഗീകാരം.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫോറൻസിക് മെഡിസിൻ വിഭാഗം പ്രൊഫസറും, വിഭാഗം മേധാവിയുമായ ഡോ. കെ. പത്മകുമാറിനു ദേശീയ തലത്തിലുള്ള അംഗീകാരം. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA) സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ അദ്ദേഹത്തിന് പ്രൊഫ. ശ്രീധർ ശർമ്മ നാഷണൽ ഒറേഷൻ അവാർഡ് സമ്മാനിച്ചു. അഹമ്മദാബാദിൽ ദേശീയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചടങ്ങിലാണ് പുരസ്കാരം വിതരണം ചെയ്തത്. ഫോറൻസിക് മെഡിസിൻ മേഖലയിലെ അധ്യാപന, ഗവേഷണ, അക്കാദമിക് സംഭാവനകൾ പരിഗണിച്ചാണ് ഡോ. പത്മകുമാറിനെ ഈ അഭിമാനകരമായ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. ഈ നേട്ടം ജൂബിലി മിഷൻ മെഡിക്കൽ കോളേജിനും സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലക്കും അഭിമാനകമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- റെയ്മഡ് പോൾ, തട്ടിൽ ഉമ്പാവു, തൃശ്ശൂർ
- സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, സെൻട്രൽ കൗൺസിലേഴ്സ്, തൃശ്ശൂർ
- സെന്റ് തെരേസാസ് ചർച്ച്, എറവ്, തൃശ്ശൂർ
- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ചൊവ്വൂർ, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ

- നോയൽ തോമസ് പി, വാഴപ്പിള്ളി ഹൗസ്, മൈലിപ്പാടം, തൃശ്ശൂർ
- സെൻ്റ് മേരീസ് ചർച്ച്, ദേവമാതാ യൂണിറ്റ്, മഡോണ നഗർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്, അറക്കൽ വേലൂക്കാരൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
- അലൻ സേവ്യർ, സെൻ്റ് ജോസ്ഫ്സ് ചർച്ച്, സ്നേഹപുരം, തൃശ്ശൂർ
- മിനി, പൂലൻ ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ
- ഡോ. ഷോജൻ അഗസ്റ്റ്യൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**.ബോൺ നതാലെ**

ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി അതിരൂപതയും, തൃശൂർ പൗരാവലിയും ചേർന്നു സംഘടിപ്പിക്കുന്ന 'ബോൺ നതാലെ' ക്രിസ്മസ് പാപ്പ സംഗമവും, നിശ്ചലദൃശ്യങ്ങൾ അടങ്ങുന്ന ഘോഷയാത്രയും 27 ന് നഗരത്തിൽ നടത്തി. സാന്താക്ലോസിന്റെ വേഷമിട്ട പതിനയ്യായിരത്തോളം പേർ പ്രത്യേകം ചിട്ടപ്പെടുത്തിയ സംഗീതത്തിനൊപ്പം റൗണ്ടിൽ നൃത്തം വെച്ച് അണിനിരന്നു.

ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് (എഐ) സാധ്യതകൾ പ്രയോജനപ്പെടുത്തി ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ചലിക്കുന്ന 4 ഫ്ളോട്ടുകൾ ഘോഷയാത്രയിലുണ്ടായിരുന്നു. ആറോളം ചലിക്കുന്ന കുതിരകളുടെ മുകളിൽ കൂറ്റൻ സാന്താക്ലോസ്, വലിയ ക്രിസ്തുമസ് ട്രീ, കൊച്ചുകുട്ടികൾക്ക് സമ്മാനം നല്കുന്ന റോബോട്ട് സാന്താക്ലോസ് തുടങ്ങിയവയാണിവ. ജ്യോതി കോളേജിലെ അധ്യാപകരുടെ മേൽനോ

ട്ടത്തിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളാണ് ഇവ നിർമ്മിച്ചത്.

**2. ജ്യോതി ടെക്നോ-കൾച്ചറൽ ഫെസ്റ്റ് തരംഗ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ടോക്ഫെസ്റ്റ് - തരംഗ് 14, 15 തീയതികളിൽ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. സോജൻലാൽ ഉദ്ഘാടനം ചെയ്തു. പ്രോജക്ട് എക്സ്പോ, മോട്ടോർ ഷോ, ഡാൻസ് മത്സരങ്ങൾ, ഐഡിയത്തോൺ മത്സരങ്ങളും ഉണ്ടായിരുന്നു.

| | |
|---|---|
| **ഫാ. ഡേവിഡ് നെറ്റിക്കാടൻ** | **ഫാ. സിജോ ചെറുവത്തൂർ** |
| എക്സിക്യൂട്ടീവ് മാനേജർ | PRO |

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പാട്രേൺസ് ആൻഡ് ഹോം ഡേ ആഘോഷിച്ചു**

തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിൻറ ജന്മദിനവും, ഫീസ്റ്റും സെന്റ് തോമസ് കോളജിൽ പേട്രൺസ് ഡെ, ഹോം ഡേ എന്നിവ സംയുക്തമായി ആചരിച്ചു. കോളേജിന്റെ മാനേജർ മാർ. ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ, പിതാവിന് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**2. പുരസ്കാര നേട്ടം**

വിദ്യാശ്രേഷ്ഠ പുരസ്കാരം കോളേജ് പ്രിൻസിപ്പൽ റവ.ഡോ. മാർട്ടിൻ കെ. എ. യ്ക്ക് ലഭിച്ചു.

**3. ഹാട്രിക് കിരീടം**

കാലിക്കറ്റ് സർവകലാശാല ഇന്റർകോളേജിയറ്റ് കായികമേളയിൽ പുരുഷ വിഭാഗത്തിൽ കോളേജിന് ഹാട്രിക് കിരീടം. 89 പോയന്റ് നേടിയാണ് കോളേജ് ഓവറോൾ ചാമ്പ്യൻ ചട്ടം നിലനിർത്തിയത്. 12 സ്വർണവും ഏഴ് വെള്ളിയും അഞ്ച് വെങ്കലവുമാണ് നേട്ടം.

**4. ഗവേഷണ ബിരുദം നേടി**

സുവോളജി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ഷീബ റാഫേൽ ഡോ. ജോയ്സ് ജോസിന്റെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. ഡോ. സിനി സി. ബഞ്ചമിൻ ആയിരുന്നു ഓപ്പൺ ഡിഫൻസ് ചെയർമാൻ.

**5. മെഗാ ക്വിസ് കോളേജ് തല മത്സരം സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജിൽ മുഖ്യമന്ത്രിയുടെ മെഗാ ക്വിസ്

കോളേജ് തല മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ ബി.എസ്.സി ഫിസിക്സ് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനിയായ പത്മപ്രിയ നായർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ബി.എസ്.സി ഫിസിക്സ് ആറാം സെമസ്റ്റർ വിദ്യാർത്ഥിയായ ജോസഫ് തോമസ് രണ്ടാം സ്ഥാനവും, കെമിസ്ട്രി മൂന്നാം വർഷ വിദ്യാർത്ഥിയായ വിഷ്ണു കെ മൂന്നാം സ്ഥാനവും നേടി.

**6. സെന്റ് തോമസ് കോളേജിൽ കൂൺ ഗവേഷണ കേന്ദ്രം**

ബോട്ടണി ഡിപ്പാർട്ട്മെന്റും വിദ്യാർത്ഥികളും കൃഷിഭവന്റെ സഹകരണത്തോടെ കോളേജിൽ കൂൺ കൃഷി - കൂൺ ഗവേഷണ കേന്ദ്രം ആരംഭിച്ചു. പ്രിൽസിപ്പൽ റവ.ഡോ. മാർട്ടിൻ കെ.എ വിത്തുത്പാദനം, കൂൺ ഉത്പാദനം എന്നിവ ഉത്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ആദ്യവില്പന നടത്തി. കൂൺകൃഷിക്കാവശ്യമായ സ്പോൺ നിർമ്മിക്കാനും വിദ്യാർത്ഥികൾക്കു സാധിച്ചു. തൊഴിൽ മാർഗവും ശരിയായ ഭക്ഷണ രീതിയും നേടാൻ വിദ്യാർത്ഥികൾക്കു അവസരം ഒരുക്കുകയാണ് ലക്ഷ്യം. ഡോ. ആന്റോയാണ് കൃഷിക്കു നേതൃത്വം നൽകുന്നത്.

**7. സൈസജീയം പാലക്കാടൻസ് ഇനി തൃശ്ശൂരിലും വളരും**

വംശനാശം സംഭവിക്കുന്ന മരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ധന സഹായത്തോടെ തൃശ്ശൂർ സെന്റ് തോമസ് കോളജ് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായാണ് മരങ്ങൾ നട്ടു വളർത്തുന്നത്. എളവള്ളി പഞ്ചായത്തിലെ കണിയാംതുരുത്ത് ഗ്യാസ് ക്രിമെറ്റോറി യത്തിൽ ആണ് പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് കെ.യു. സരിത തൈ നട്ട് ഉദ്ഘാടനം ചെയ്തത്.

**8. ഫാക്കൽറ്റി ഡെവലപ്പ്മെന്റ്**

തൃശൂർ സെന്റ് തോമസ് കോളേജ്, കേരള ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൊണ്ട്, 5 ദിവസത്തെ ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ കൌൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ. എ സ്വാഗതം ആശംസിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ** (എക്സി. മാനേജർ)

**മെസ്റ്റിൻ പി.സി** (പി.ആർ.ഒ)

# മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**ഇനീഷിയേറ്ററി സ്കൂൾ എക്സ്പീരിയൻസ്**

2025-2027 ബാച്ചിന്റെ ഇനീഷിയേറ്ററി സ്കൂൾ എക്സപീരിയൻസ് ജനുവരി 5 മുതൽ ജനുവരി 9 വരെ നടന്നു.

**ഹോളി മാസ്**

ജനുവരി മാസത്തിലെ ഹോളി മാസ് ആദ്യ വെള്ളിയാഴ്ചയായി ജനുവരി 9 ന് നടന്നു.

**ഡെമോൺസ്ട്രേഷൻ ക്ലാസ്**

2025-2027 ബാച്ചിന്റെ ഡെമോൺസ്ട്രേഷൻ ക്ലാസ് ജനുവരി 13 ന് രാവിലെ 11 മണിക്ക് നടന്നു

**അരങ്ങ് കൾച്ചറൽ പ്രോഗ്രാം**

2025-27 ബാച്ചിന്റെ കൾച്ചറൽ പ്രോഗാം ജനുവരി 22 വ്യാഴാഴ്ച സംഘടിപ്പിച്ചു.

**റിപ്പബ്ലിക് ദിനാഘോഷം**

ജനുവരി 23 വെള്ളിയാഴ്ച സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വിവിധകലാപരിപാടികളും നടന്നു.

**പ്രാക്റ്റിക്കൽ പരീക്ഷ**

2024-2026 ബാച്ചിന്റെ പ്രാക്റ്റിക്കൽ പരീക്ഷ ജനുവരി 27, 28 തിയ്യതികളിൽ നടന്നു.

**മന്ത്‌ലി ഫീഡ്ബാക്ക്**

വിദ്യാർത്ഥികൾക്കായി ഡിസംബർ മാസത്തെ കോളേജ് പ്രവർത്തനങ്ങളുടെ മന്ത്‌ലി ഫീഡ്ബാക്ക് ജനുവരി 30 വെള്ളിയാഴ്ച സംഘടിപ്പിച്ചു. നാച്ചുറൽ സയൻസ് വിഭാഗം വിദ്യാർത്ഥികൾ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധയിനം കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

4 (ബുധൻ) – ലോക കാൻസർ ദിനം
6 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന
11 (ബുധൻ) – ലൂർദ്ദ് മാതാവ് (രോഗീദിനം)
13 (വെള്ളി) – റേഡിയോ ദിനം
21 (ശനി) – മാതൃഭാഷ ദിനം
25 ((ബുധൻ) – വാഴ്ത്തപ്പെട്ട സി. റാണി മരിയ
28 (ശനി) – ശാസ്ത്രദിനം

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപറേറ്റ് മാനേജർ

# പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**പോപ്പ് പോൾ മേഴ്സി ഹോം ശിങ്കാരിമേളം ടീം ബെസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ് നേട്ടത്തിൽ**

പോപ്പ് പോൾ മേഴ്സി ഹോമിലെ ബൗദ്ധികമായി പ്രത്യേക കഴിവുകളുള്ള കുട്ടികളും യുവാക്കളും ചേർന്ന് അവതരിപ്പിച്ച ലോകത്തിലെ ഏറ്റവും വലിയ ശിങ്കാരിമേളം ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡിൽ ഇടം നേടി. രണ്ട് വർഷം മുൻപ് അരങ്ങേറ്റം കുറിച്ച ഈ ശിങ്കാരിമേളം കഠിന പരിശ്രമവും അചഞ്ചലമായ ആത്മവിശ്വാസവുംകൊണ്ട് ചരിത്ര നേട്ടമാണ് കൈവരിച്ചത്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കലയുടെവഴി സ്വയം പ്രകടിപ്പിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയരാനുമുള്ള വേദി ഒരുക്കുക എന്നതായിരുന്നു ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

ഡിസംബർ 19-ന് ഉച്ചയ്ക്ക് 2 മണിക്ക് നടന്ന പരിപാടിയിൽ 'ഏബിൾ എയ്ഞ്ചൽസ്' ട്രൂപ്പിലെ 50 കുട്ടികൾ പങ്കെടുത്തു. അവരുടെ ഏകോപിതമായ താളവും കലാപ്രതിഭയും പ്രേക്ഷകരെ വിസ്മയിപ്പിച്ചു. ഈ അപൂർവ്വകലാ പ്രകടനമാണ് ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡിന്റെ ഔദ്യോഗിക അംഗീകാരം നേടിയത്.

ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ്സ് ഒഫീഷ്യൽസ് ആയ പി. പി പീറ്റർ, എം. കെ. ജോസ് എന്നിവർ പരിപാടിക്ക് സാക്ഷ്യം വഹിച്ചു.

**പിണ്ടി അലങ്കാര മത്സരം**

ദനഹാ തിരുനാളിനോടനുബന്ധിച്ച് പോപ്പ് പോൾ മേഴ്സി ഹോമിൽ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് പിണ്ടി അലങ്കാര മത്സരം നടത്തി.

**പോപ്പ് പോൾ മേഴ്സി ഹോം** Able angels Team

ആർത്താറ്റ് ഹോളി ക്രോസ് സ്കൂൾ, ജെറുസലേം റിട്രീറ്റ് സെന്റർ, സെന്റ് ആന്റണിസ് ചർച്ച് എളവള്ളി, പുത്തൂർ ഫൊറോന പള്ളി, സ്നേഹപുരം പള്ളി എന്നിവിടങ്ങളിൽ ഏബിൾ എയ്ഞ്ചൽസ് ഷോ അവതരിപ്പിച്ചു

**സെലക്ഷൻ ലഭിച്ചു.**

അത്ലറ്റിക് മീറ്റ് 2026 ഫെർമോൻസ് ട്രൈൽസ് ചാമ്പ്യൻഷിപ്പിലേക്ക് പോപ്പ് പോൾമേഴ്സി ഹോം വിദ്യാർത്ഥികളായ വന്ദന.പി, രാജി എൻ.ടി എന്നിവർക്ക് സെലക്ഷൻ ലഭിച്ചു.

**സ്കൂൾ പിക്നിക്ക്**

ജനുവരി 16 തിയ്യതി സ്കൂളിൽ നിന്നും 170 ഓളം കുട്ടികളും അധ്യാപകരും കൂടി വളാഞ്ചേരി ഫ്ളോറ ഫാന്റസിയ അമ്യുസ്മെന്റ് പാർക്കിലേക്ക് പിക്നിക്ക് പോയി. എല്ലാ വിദ്യാർത്ഥികൾക്കും കൗതുകകരവും ആസ്വാദനകരവുമായിരുന്നു ഈ ഉല്ലാസയാത്ര.

**സന്ദർശനം നടത്തി**

അൽ ഇർഷാദ് ഇംഗ്ലീഷ് സ്കൂൾ കിളിമംഗലം, സെന്റ്. മേരീസ് കോളേജ് തൃശ്ശൂർ, സെന്റ്. അഗസ്റ്റീൻ എച്ച്.എസ്.എസ് കുട്ടനെല്ലൂർ, അമല കോളേജ് ഓഫ് നേഴ്സിംങ്ങ് തൃശ്ശൂർ, ചെന്ത്രാപ്പിന്നി ഹയർസെക്കന്ററി സ്കൂൾ, സെന്റ്. ജോസഫ് ചർച്ച് അവിണിശ്ശേരി,

എൻ.എസ്.എസ് യൂണീറ്റ്, ജി എച്ച്.എസ്.എസ്.എരുമപ്പെട്ടി, ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസ്. ചെമ്പുക്കാവ് തൃശ്ശൂർ, അശ്വനി കോളേജ് ഓഫ് നേഴ്സിംങ്ങ് തൃശ്ശൂർ, നിർമലമാത കോൺവെന്റ് സ്കൂൾ ഇയ്യാൽ, ഗവൺമെന്റ് കോളേജ് ഓഫ് നേഴ്സിംങ്ങ് തൃശ്ശൂർ, ഹോപ്പ് പബ്ലിക്ക് സ്കൂൾ എരുമപ്പെട്ടി, B.Ed സ്പെഷ്യൽ എജ്യുക്കേഷൻ സ്റ്റുഡൻസ് സി ആർ സി കോഴിക്കോട്, ഗവൺമെന്റ് സ്പെഷ്യൽ ടീച്ചർ ട്രെയ്നിംങ്ങ് സെന്റർ പരപ്പനങ്ങാടി, ആർ.എസ്.എം.എച്ച്.ടീച്ചർ ട്രെയ്നിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട്, സിയോൺ വിദ്യാഭവൻ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീഗോകുലം പബ്ലിക് സ്കൂൾ ഗുരുവായൂർ, സെന്റ്. ആന്റോൺ വിദ്യാപീഠം വിലങ്ങന്നൂർ, വെസ്റ്റ്ഫോർട്ട് കോളേജ് ഓഫ് നേഴ്സിംങ്ങ്, ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നേഴ്സിംങ്ങ് അങ്കമാലി, വിവിധ സംഘടനകൾ, ഇടവകകൾ, വേദോപദേശ യൂണീറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പോപ്പ് പോൾ മേഴ്സി ഹോമിൽ സന്ദർശനം നടത്തി.

**ഫാ. ജോൺസൺ അന്തിക്കാട്ട്**
ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജനുവരി മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 4,5,6 – 18,19,20. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണ് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,**
ഡയറക്ടർ
**ഫാ. അനീഷ് കൂത്തൂർ, ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയ്ക്ക് പുതിയനേതൃത്വം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ 2025-28 കാലയളവിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 ഡിസംബർ 22-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടന്നു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അദ്ധ്യക്ഷത വഹിച്ച ജനറൽ ബോഡിയോഗത്തിൽ അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് ഇലക്ഷൻ നടപടിക്രമങ്ങൾക്ക് നേതൃത്വം വഹിക്കുകയും തുടർന്ന് 2025-28 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

ജനറൽ കൺവീനർ - ഡോ. ജോർജ്ജ് അലക്സ്, ബസിലിക്ക ഫൊറോന (കണ്ണംകുളങ്ങര ഇടവക)

ജനറൽ സെക്രട്ടറി - എ.ഡി ഷാജു, ലൂർദ്ദ് ഫൊറോന (നെല്ലിക്കുന്ന് ഇടവക)

ട്രഷറർ - ശ്രീ ജോയ് സി. ടി, കൊട്ടേക്കാട് ഫൊറോന (വിയ്യൂർ ഇടവക)

ജോ.കൺവീനേഴ്സ് -

ശ്രീ ഓസ്റ്റിൻ ഷോബി, ഒല്ലൂർ ഫൊറോന (ചിയ്യാരം വിജയമാത ഇടവക), ശ്രീമതി ഫാജി വർഗ്ഗീസ്, പഴുവിൽ ഫൊറോന (പഴുവിൽ ഇടവക)

ജോ.സെക്രട്ടറിമാർ -

ശ്രീ ജോമി ജോൺസൺ, മറ്റം ഫൊറോന (കൂനംമൂച്ചി ഇടവക)
ശ്രീമതി അന്ന ബാബു, പാലയൂർ ഫൊറോന (കോട്ടപ്പടി ഇടവക)
എന്നിവരെ തിരഞ്ഞെടുത്തു.

നോമിനേറ്റഡ് മെമ്പേഴ്സ് -

ശ്രീ റോബിൻസൺ മൂക്കൻ, പുതുക്കാട് ഫൊറോന (വെണ്ടൂർ ഇടവക), ശ്രീ സിബി ജോർജ്ജ്, ചേലക്കര ഫൊറോന (ചേലക്കര ഇടവക), ശ്രീമതി എൽസി സ്ക്കറിയ, പട്ടിക്കാട് ഫൊറോന (പീച്ചി ഇടവക)

നിലവിലെ ജനറൽ കൺവീനർ ശ്രീ ഷിന്റോ മാത്യു സ്വാഗതവും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ കൺവീനർ ഡോ. ജോർജ്ജ് അലക്സ് നന്ദിയും രേഖപ്പെടുത്തി. പ്രസ്തുത യോഗത്തിന് അസി. ഡയറക്ടർ ഫാ. അനിഷ് കൂത്തൂർ, ജെയ്സൻ മാണി, ലിവിൻ വർഗ്ഗീസ്, ബിജു വർഗ്ഗീസ്, ജിനീഷ് വടക്കുംഞ്ചേരി, സുബി

ജസ്റ്റിൻ, ഷീജ ജോൺസൻ എന്നിവർ നേതൃത്വം നൽകി. പ്രസ്തുത യോഗത്തിൽ വച്ച് 2022 - 2025 വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ സോവനിയറിന്റെ വിതരണോദ്ഘാടനം അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് ജനറൽ കൺവീനർ ശ്രീ ഷിന്റോ മാത്യുവിനു നൽകി കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

**ഭാരവാഹികളുടെ ലിസ്റ്റ്**

2025-2028 കാലയളവിലെ കുടുംബകൂട്ടായ്മ യൂണിറ്റ്, ഇടവക, ഫൊറോന, അതിരൂപത ഇലക്ഷനുകൾ ഭംഗിയായി തീർന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വൈദീകർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ അഭിനന്ദനങ്ങളും നന്ദിയും....

ഇനിയും കുറച്ച് തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി ഭാരവാഹികളുടെയും പേരുകളടങ്ങിയ ഫോമുകൾ എത്തിച്ചിട്ടില്ല. എത്തിക്കാത്തവർ എത്രയും പെട്ടെന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുക്കൂടി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഫെബ്രുവരി 15-ാം തിയ്യതിക്കുള്ളിൽ എത്തിക്കുമല്ലോ. ഈ പേരുകൾ ഉൾപ്പെടുത്തി ഡയറക്ടറി തയ്യാറാക്കുന്നതിനുവേണ്ടിയാണ് ഡാറ്റ അടങ്ങിയ ഫോമുകൾ ആവശ്യപ്പെടുന്നത്. ഫെബ്രുവരി 15-ാം തിയതിക്കുള്ളിൽ തരാത്തവരുടെ ഡാറ്റകൾ അതിരൂപത ഡയറക്ടറിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നും അറിയിക്കുന്നു.

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീൻമാരുടെയും സംയുക്ത യോഗം ഫെബ്രുവരി 25-ാം തിയ്യതി ബുധനാഴ്ച്ച രാവിലെ ഫാമിലി അപ്പസ്റ്റോലേറ്റിൽ വച്ച് നടത്തുന്നു.

**ഫൊറോന കൺവെൻഷനുകൾ**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 22 - മാർച്ച് 1, 8, 15 എന്നീ ദിവസങ്ങളിലായി ഫൊറോന കുടുംബകൂട്ടായ്മ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവെൻഷനിൽ അതാത് ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കുമല്ലോ.

**കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്**

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകങ്ങൾ (വലുത്, ചെറുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി

അപ്പൊസ്റ്റൊലേറ്റ് സെന്ററിലുള്ള കൂടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം - 10.00 am മുതൽ 12.30 pm വരെയും 1.30 pm മുതൽ 4.30 pmവരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**പ്രൊഫ. ജോർജ്ജ് അലക്സ്,** ജനറൽ കൺവീനർ
**എ. ഡി. ഷാജു**, ജനറൽ സെക്രട്ടറി

## മാതൃവേദി

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ മാതൃവേദി ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം ഫെബ്രുവരി 26-ാം തിയ്യതി വ്യാഴാഴ്ച്ച രാവിലെ 10.30 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2026 ഏപ്രിൽ - 2027 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാരേയും ഫൊറോന ഭാരവാഹികളെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡന്റ്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫെബ്രുവരി 2 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയി

ലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജനുവരി മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഫെബ്രുവരി 8-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഫെബ്രുവരി - 13,14,15 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 13 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 15 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഫെബ്രുവരി 14-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ ഫെബ്രുവരി 22-ാം തിയ്യതി

ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# ചിൽഡ്രൻസ് മിനിസ്ട്രി

**Saints' Quiz 2025 Winners**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതല സെയിന്റ്സ് ക്വിസ്സ് ഡി.ബി.സി.എൽ.സി.യിൽവെച്ച് 2025 ജനുവരി 4 ന് നടത്തി. 16 ഫൊറോനകളിൽ നിന്നുള്ള 16 യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റും മെഡലുകളും ബഹു. ഫാ. ഹേഡ്‌ലി നീലങ്കാവിൽ വിതരണം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ബഹു. ഫാ. പോൾ മുട്ടത്തിന്റെ നേതൃത്വത്തിൽ, ശ്രീമതി സ്റ്റിജി ജോസ് ടീച്ചറായിരുന്നു ക്വിസ് മാസ്റ്റർ. മത്സരവിജയികൾക്കുള്ള സമ്മാന വും ക്യാഷ്പ്രൈസും വിശ്വാസപരിശീലന ഡയറക്ടർ ബഹു. ഫാ. സൈജോ തൈക്കാട്ടിൽ വിതരണം ചെയ്തു. മത്സരവിജയികളുടെ പേരുകൾ താഴെ ചേർക്കുന്നു.

**സമ്മാനർഹരായടീമുകൾ:**

First Prize: St Thomas Church, Thiroor
1. Angel P. J
2. Ann Mary
3. Mridul Jacob Neville

Second Prize: St Antony's Church, Guruvayoor
1. Chezna Rose Sojan. M
2. Quinstessa Mary Sojan. M
3. Della Rose. M. S

Third Prize : St Jude Church,Nattika
1. Ananwai K. Ajith
2. Kripa K. A
3. Ivanjwelin Maria

**ആഘോഷമായ കുർബാനസ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായുള്ള ക്ലാസ്**

ആഘോഷമായകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന

അധ്യാപകർക്കായുള്ള അർദ്ധദിന പരിശീലന പരിപാടി 2026 മാർച്ച് 14 ന് അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി. സി. എൽ. സി.) വച്ച് നടത്തുന്നു. സമയം ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.30 വരെയായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർഅയച്ചുതരുന്ന ഗൂഗിൾഫോമിൽ റജിസ്റ്റർ ചെയ്യണം എന്ന് ഓർമ്മപ്പെടുത്തുന്നു. കഴിഞ്ഞ വർഷത്തെ പോലെ തന്നെ പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്താൽ എങ്ങനെ കുട്ടികളെ ഒരുക്കാൻ സഹായിക്കും എന്ന് നിങ്ങളെ പരിശീലിപ്പിക്കലാണ് ലക്ഷ്യം എന്ന് ഓർമ്മപ്പെടുത്തുന്നു.

**പ്രാത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം: ഇതാ നിന്റെ അമ്മ (യോഹ: 19:27).

സുകൃതജപം: പരിശുദ്ധ അമ്മേ, ജപമാലയിലൂടെ ഞങ്ങളെ യേശുവിലേക്കു കൂട്ടിക്കൊണ്ടു പോകണമേ.

പ്രാത്ഥനാനിയോഗം : ചികിത്സിക്കാനാകാത്ത രോഗത്താൽ വേദനിക്കുന്ന കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ശക്തിയും പ്രത്യാശയും നൽകണമേയെന്നും ആവശ്യമായ വൈദ്യ പരിചരണവും പിന്തുണയും ലഭ്യമാകട്ടെ എന്നും പരിശുദ്ധ അമ്മയോട് പ്രാത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ : വിശുദ്ധ ബാർട്ടോലോ ലോംഗോ (Bartolo Longo): 1841 ഫെബ്രുവരി 10ന് ഇറ്റലിയിലെ ലാറ്റിയാനോ എന്ന സ്ഥലത്താണ് ബാർട്ടോലോ ലോംഗോ ജനിച്ചത്. ഭക്തിയുള്ള മാതാപിതാക്കളായിരുന്നു അദ്ദേഹത്തിന്റേത്. എന്നാൽ അദ്ദേഹത്തിന് 10 വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. പിന്നീട് നിയമപഠനത്തിനായി നേപ്പിൾസ് സർവകലാശാലയിൽ ചേർന്ന ലോംഗോ, അവിടെയുള്ള യുക്തിവാദപരമായ ചിന്താഗതികളിൽ സ്വാധീനിക്കപ്പെടുകയും വിശ്വാസത്തിൽ നിന്ന് അകലുകയും ചെയ്തു.

സർവകലാശാലാ പഠനകാലത്ത് അദ്ദേഹം നിഗൂഢവിദ്യകളിലും സാത്താൻ ആരാധനയിലും ആകൃഷ്ടനായി. ക്രമേണ അദ്ദേഹം ഒരു സാത്താനിക പുരോഹിതനായി (Satanic Priest) മാറുകയും ക്രൈസ്തവവിശ്വാസത്തെ പരസ്യമായി പരിഹസിക്കുകയും ചെയ്തു. എന്നാൽ ഈ ജീവിതം അദ്ദേഹത്തിന് നൽകിയത് കടുത്ത മാനസിക സമ്മർദ്ദവും ഭീതിയുമായിരുന്നു. ശാരീരികമായും മാന സികമായും അദ്ദേഹം തകർന്നുപോയി.

തന്റെ തകർച്ചയിൽ അദ്ദേഹം ഒരു സുഹൃത്തായ വിൻസെൻസോ പെപ്പെയുടെ സഹായം തേടി. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ആൽബർട്ടോറാഡെന്റെ എന്ന ഡൊമിനിക്കൻ വൈദികനെ ലോംഗോ കണ്ടുമുട്ടി. ആ വൈദികന്റെ ഉപദേശങ്ങളും പ്രാർത്ഥനയും അദ്ദേഹത്തെ പതുക്കെ വിശ്വാസത്തിലേക്ക് തിരികെ കൊണ്ടുവന്നു.

1871ൽ അദ്ദേഹം വിശുദ്ധ ഡൊമിനിക്കിന്റെ മൂന്നാംസഭയിൽ (Dominican Tertiary)അംഗമായി 'റൊസാരിയോ' എന്ന പേര് സ്വീകരിച്ചു.

വിശ്വാസത്തിലേക്ക് മടങ്ങിയെങ്കിലും തന്റെ പഴയ പാപങ്ങളെ ഓർത്ത് അദ്ദേഹം ഭയപ്പെട്ടിരുന്നു. ഒരു ദിവസം പോംപൈയിലെ വിജനമായ പാടത്തിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു സ്വരം മുഴങ്ങി: 'ആരാണോ ജപമാല ഭക്തിപ്രചരിപ്പിക്കുന്നത്, അയാൾ രക്ഷിക്കപ്പെടും.' ഈ സന്ദേശം അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ചു. അദ്ദേഹം പോംപൈയിലെ തകർന്നടിഞ്ഞ പള്ളികൾ പുതുക്കിപ്പണിയുകയും അവിടുത്തെ ജനങ്ങൾക്കിടയിൽ ജപമാല ഭക്തിപ്രചരിപ്പിക്കുകയും ചെയ്തു. ഇന്ന് ലോക പ്രശസ്തമായ 'ഔവർ ലേഡി ഓഫ് ദി റോസറി ഓഫ് പോംപൈ' (Our Lady of the Most Holy Rosary of Pompei) തീർത്ഥാടന കേന്ദ്രം പടുത്തുയർത്തിയത് അദ്ദേഹമാണ്. അഗതികൾക്കും കുറ്റവാളികളുടെ മക്കൾക്കും വേണ്ടി അദ്ദേഹം അനാഥാലയങ്ങളും സ്കൂളുകളും സ്ഥാപിച്ചു.

1926 ഒക്ടോബർ 5ന് 85-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. 1980ൽ വിശുദ്ധജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ 'വാഴ്ത്തപ്പെട്ടവൻ' ആയി പ്രഖ്യാപിച്ചു. അദ്ദേഹത്തെ 'ജപമാലയുടെ അപ്പസ്തോലൻ' (Apostle of the Rosary) എന്നാണ് മാർപാപ്പ വിശേഷിപ്പിച്ചത്. 2025 ഒക്ടോബർ 19ന് റോമിൽ വെച്ച് ലെയോ പതിനാലാമൻ മാർപാപ്പ ബാർട്ടോലോ ലോംഗോയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

പ്രവർത്തനം: രോഗിയായ ഒരാൾക്കുവേണ്ട മെഡിക്കൽ സഹായവും പരിചരണവും നൽകുക.

**ഫാ. പോൾ മുട്ടത്ത്,** ഡയറക്ടർ
**സി. ജീജ SSPC**, കോർഡിനേറ്റർ

## മദ്യവിരുദ്ധസമിതി

### 1.സ്മരണിക പ്രകാശനവും മദ്യ-ലഹരി വിമുക്ത ഭവന പ്രഖ്യാപനവും

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത സമിതിയുടെ സ്മരണികയുടെ -'പ്രണാമം' - പ്രകാശനവും ലഹരി വിമുക്ത ഭവന പ്രഖ്യാപനവും സംഘടിപ്പിച്ചു. സിൽവർ ജൂബിലി ആഘോഷിക്കുന്ന എരുമപ്പെട്ടി ഫൊറോന യൂണിറ്റിന്റെയും

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത യുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പരിപാടിയിൽ (23.12.2025) തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനും എരുമപ്പെട്ടി ഫൊറോന വികാരി വെരി റവ. ഫാ. ജോഷി ആളൂരും ചേർന്ന് പതാക ഉയർത്തി. ഡയറക്ടറച്ചൻ ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി.

എരുമപ്പെട്ടി ഫൊറോന വികാരി അദ്ധ്യക്ഷനായ യോഗം കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ കമ്മീഷൻ മുൻ ചെയർമാനും മൂവാറ്റുപുഴ രൂപത മെത്രാനുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു കൊണ്ട് 175 ഭവനങ്ങളെ മദ്യ-ലഹരി വിമുക്ത ഭവനങ്ങളായി പ്ര ഖ്യാപിച്ചു.

**2. മദ്യ-രാസ ലഹരികൾ കുടുംബങ്ങളെ അന്ധകാരത്തി ലേക്ക് തള്ളിയിടുന്നു**

മദ്യ-രാസ ലഹരികൾ കുടുംബങ്ങളെ അന്ധകാരത്തിലേക്ക് തള്ളിയിടുന്നു എന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെയും വെളപ്പായ സെന്റ് മേരീസ് ഇടവക യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ക്രിസ്തുമസ് മദ്യ-ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 24.12.2025 ന് സംഘടിപ്പിച്ച ഏകദിന ഉപവാസയജ്ഞം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. വെളപ്പായ സെന്റ് മേരീസ് ദൈവാലയാങ്കണത്തിൽ നടത്തിയ യോഗത്തിന് അതിരൂ പത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായി. ആമുഖ പ്രഭാഷകനായത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്.

**3. വെളപ്പായ മദ്യ-ലഹരി വിമുക്ത ഭവന പ്രഖ്യാപനം**

വെളപ്പായ കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി യൂണിറ്റ് 11.01.2026 ന് മദ്യ-ലഹരി വിമുക്ത ഭവന പ്രഖ്യാപനം സംഘടിപ്പിച്ചു. അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വെളപ്പായ ഇടവക വികാരി റവ. ഫാ. വിൻസെന്റ് കണിമംഗലത്തുകാരന്റെ നേതൃത്വത്തിലാണ് 50-ഓളം വരുന്ന കുടുംബങ്ങളെ മദ്യ-ലഹരി വിമുക്ത ഭവനങ്ങളായി പ്രഖ്യാപിച്ചത്. എല്ലാ കുടുംബാംഗങ്ങളും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. വെളപ്പായ ഇടവക ദൈവാലയത്തിൽ ക്രിസ്തുമസ് ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഏകദിന ഉപവാസ യജ്ഞത്തിൽ നിന്നും പ്രചോദനം

ഉൾക്കൊണ്ടുകൊണ്ടാണ് തികച്ചും മാതൃകാപരമായ ഈ പ്രവർത്തനം ഇടവകയിൽ അരങ്ങേറിയത്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**, ഡയറക്ടർ
**ശ്രീ. ലിന്റോ ഫ്രാൻസിസ്,** പി.ആർ.ഒ.

# സീനിയർ സി. എൽ .സി .

## സീനിയർ സി.എൽ.സി. യ്ക്ക് പുതിയ നേതൃത്വം

അതിരൂപത സീനിയർ സി.എൽ.സി യുടെ 2026–27 വർഷത്തെ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. പ്രസിഡന്റ് : ഡെന്നിസ് പെല്ലിശ്ശേരി (അമ്മാടം), ജനറൽ സെക്രട്ടറി: ഏ.ജെ. ജെയ്സൻ (ആറ്റത്ര), ട്രഷറർ: പ്രിൻസ് മേനാച്ചേരി (മുക്കാട്ടുകര), വൈസ് പ്രസിഡന്റ് : ജോൺസൻ തച്ചാറ (ചേറൂർ), റിന്റ റോമി (ആമ്പക്കാട്), ജോ. സെക്രട്ടറി: റോബർട്ട്. സി.ജെ. (പേരാമംഗലം), സീന ഷാജു (പുത്തൂർ), ജനറൽ കോർഡിനേറ്റർ : വിനേഷ് കോളേങ്ങാടൻ(കൊട്ടേക്കാട്), എക്സിക്യൂട്ടീവ് മെമ്പർമാർ: സൈമൺ .കെ. ജെ (വൈലത്തൂർ), ജോസ് .പി .സി.(പറപ്പൂർ), വൽസ യോഹന്നാൻ (ലൂർദ് ), ടെസി പിയൂസ് (പഴുവിൽ)

## സീനിയർ സി എൽ സി യുടെ വാർഷികാഘോഷവും കുടുംബ സംഗമവും

തൃശ്ശൂർ അതിരൂപത സീനിയർ സി എൽ സി യുടെ വാർഷികാഘോഷവും കുടുംബ സംഗമവും മാർ ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു. സീനിയർ സി.എൽ.സി. പ്രസിഡൻറ് വിനീഷ് കോളങ്ങാടൻ അധ്യക്ഷനായി. വിവിധ ഇടവകകളിൽ നിന്നുള്ള പതാകാ പ്രയാണം (കൊട്ടേക്കാട്), തിരുകുടുംബ പ്രതിഷ്ഠ (മരിയാപുരം), വിശുദ്ധ ഇഗ്നേഷ്യൻ രൂപം (ആറ്റത്തറ), മാതാവിന്റെ ഛായാചിത്രം (മറ്റം), എന്നിവയ്ക്ക് സ്വീകരണം നൽകി. നേത്രദാനം നടത്തിയ കുടുംബങ്ങളെ ആദരിക്കുകയും, മരിയോത്സവ വിജയികൾക്കും മോഡൽ യൂണിറ്റുകൾക്കും പുരസ്കാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. അതിരൂപതയിലെ 48 യൂണിറ്റുകളിൽ നിന്ന് 250 കുടുംബങ്ങൾ പങ്കെടുത്തു.

**ഏ.ജെ. ജെയ്സൻ**
ജനറൽ സെക്രട്ടറി

**ഫാ. ഫ്രജോ വാഴപ്പിള്ളി**
പ്രമോട്ടർ

# പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

## പാരിഷ് ബുള്ളറ്റിൻ മത്സരം 2025

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾക്കായി അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2025ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ബുള്ളറ്റിനുകളും കൃതികളും 2026 മാർച്ച് 31ന് മുമ്പ് 'ബുള്ളറ്റിൻ മത്സരം' എന്ന് എഴുതിയ കവറിലാക്കി ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ഏല്പിക്കേണ്ടതാണ്. 2026 മാർച്ച് 31നു ശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

### 1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2025 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

### 2. മികച്ച എഡിറ്റോറിയൽ

2.1 മികച്ച എഡിറ്റോറിയൽ – 2025 നവംബർ എഡിറ്റോറിയൽ പേജ് മാത്രം.

2.2. ഒന്നിടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിനുകളിൽ മെയ്, ജൂൺ മാസങ്ങളിലെ ഏതെങ്കിലും ഒരു എഡിറ്റോറിയലാണ് സമർപ്പിക്കേണ്ടത്.

2.3 വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

### 3. മികച്ച കവർ, മികച്ച മികച്ച ലേ ഔട്ട്

3.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കു മാത്രമായിരിക്കും

3.2. മികച്ച കവർ – 2025 ഡിസംബർ (ഒരു കോപ്പി)

3.3. മികച്ച ലേ ഔട്ട് – 2025 സെപ്തംബർ (ഒരു കോപ്പി)

### 4. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ

4.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ

എന്നു വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

4.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

4.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**5. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി**

5.1. വികാരിയച്ചന്റെ പംക്തി – 2025 മെയ് മാസത്തിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

5.2. കൊച്ചച്ചന്റെ പംക്തി – 2025 മെയ് മാസത്തിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

6. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണിക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.

6.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**ഫാ. സിംസൺ ചിറമ്മൽ,** ഡയറക്ടർ
**ജോർജ്ജ് ചിറമ്മൽ,** പ്രസിഡന്റ്

**അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക**
**(യോഹ 20, 27)**

# തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം



Fr. Bibin Thekkiniyath CMI,
Preshitha Province



Fr .Michael
Thottuvaikulam
CSJBP



Fr. Dijo Machingal
MCBS



Fr. Jittin Pulikottil
CST



Fr. Lazary Kavalakkat
VC



Fr. Navin Karakada
SDV



Fr. Nevin Thaikkadan
Sagar



Fr. Norbert Kavalakkat
OFM Cap.



Fr. Linto
Kuttikkattil CMI,
Bhopal Province



Fr. Rejohn
Kokkaly CMI,
Preshitha Province



Fr. Rony
Panengadan CMI,
Preshitha Province



Fr. Sherin
Kodakkadan CMI,
Preshitha Province



Fr. Sifin Thaikkadan CMI,
Preshitha Province



Fr. Alex Pellissery
SDV



Fr. Lloyd
Moyalan CMI,
Preshitha Province



Fr. Lookkachan
Chiramattel CMI,
Preshitha Province

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.01.2026
**February - 2026**

# തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം


Fr. Acton Pellissery


Fr. Amal Chazhoor


Fr. Edwin George Appakkottil


Fr. Eloi Chiramal


Fr. Jijo Tharayil


Fr. Jobin Ainikkal


Fr. Joseph Brahmakulam


Fr. Nithin Thazhath


Fr. Noble Aynikkal


Fr. Santiyo Eluvathingal

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor